I ഇ.ബി. XII-കേരള നിയമസഭ /V-9

# പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ – സംഗ്രഹം (ചോദ്യോത്തരങ്ങൾ ഒഴികെ)

2007 ജൂലായ് 5, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## ശ്രദ്ധക്ഷണിക്കൽ

### (1) കൊച്ചിൻ കോർപ്പറേഷൻ പരിധിയിലെ കയ്യേറ്റങ്ങൾ

പ്രൊഫ. കെ.വി. തോമസ്: എറണാകുളം നഗരത്തിൽ കൊച്ചിൻ കോർപ്പറേഷന്റെ പരിധിയിൽ അനധികൃതമായി കയ്യേറിയിട്ടുള്ള സ്ഥലങ്ങളും കെട്ടിടങ്ങളും പൊളിച്ചുമാറ്റുന്നതു സംബന്ധിച്ച് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ നടന്ന ജനപ്രതിനിധികൾ പങ്കെടുത്ത ചർച്ചയിൽ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്ന കാര്യത്തിൽ മുഖം നോക്കാതെ നടപടി എടുക്കണമെന്നും ഒഴിപ്പിക്കൽ നോട്ടീസ് സമയബന്ധിതമായി നൽകണമെന്നും നീതിപൂർവ്വകമായിട്ടുള്ള നടപടികൾ കൈക്കൊള്ളണ മെന്നുമാണ് കൊച്ചി കോർപ്പറേഷനോട് ആവശ്യപ്പെട്ടിരുന്നത്. എന്നാൽ ഒഴിപ്പിക്കലിനെ സംബന്ധിച്ച് ഒരു തീരുമാനമെടുക്കാനോ ഹൈക്കോടതിയെ നിജസ്ഥിതി ബോധ്യപ്പെടുത്താനോ കോർപ്പറേഷന് ഇതുവരെ കഴിഞ്ഞിട്ടില്ല. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുറമ്പോക്കിൽ താമസിക്കുന്ന

പാവപ്പെട്ട ആളുകളെ ഒഴിപ്പിക്കുന്നതിനുവേണ്ടി ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന നടപടി അവസാനിപ്പിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സമയവും സാവകാശവും നൽകിക്കൊണ്ട് പൊതുസ്വത്തിന്മേലുള്ള അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. പാവപ്പെട്ടവരെ പുനരധിവസിപ്പിച്ചുകൊണ്ടല്ലാതെ ഒഴിപ്പിക്കുകയില്ല. തേവര പേരണ്ടൂർ കനാലിൽ കോടതി വിധി നടപ്പാക്കാൻ കഴിയാത്ത സ്ഥിതിവിശേഷമുണ്ടായി. അവിടെയുള്ള 37 കുടംബങ്ങളെ മാറ്റി പാർപ്പിച്ചു. ബാക്കിയുള്ളവരെ പ്രത്യേക സ്കീമിൽപ്പെടുത്തി പുനരധിവസിപ്പിക്കു ന്നതിനുള്ള ബദൽ സംവിധാനം ഏർപ്പെടുത്തിക്കൊണ്ടുമാത്രമേ ഒഴിപ്പിക്കൽ നടപടികൾ നടത്തുകയുള്ളൂ. ആഗസ്റ്റ് മാസം 11-ാം തീയതി വരെ സമയം അനുവദിച്ചിട്ടുണ്ട്. ഒഴിപ്പിക്കൽ സംബന്ധിച്ച് എന്തെങ്കിലും വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ സർക്കാർ ഇടപെട്ട് പ്രഖ്യാപിത നയം നടപ്പാക്കും.

(2) എൻ.ആർ.ഐ. നിക്ഷേപങ്ങൾക്കുള്ള പലിശ നിരക്ക്

ശ്രീ. വി.എസ്. സുനിൽ കുമാർ: കേരളത്തിലെ എൻ.ആർ.ഐ. നിക്ഷേപങ്ങൾക്ക് പലിശ നിരക്ക് വർദ്ധിപ്പിച്ച് പ്രവാസി ഇന്ത്യക്കാരുടെ താല്പര്യങ്ങൾ സംരക്ഷിക്കണം. വിദേശ മലയാളികളേയും കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെത്തന്നെയും ഗുരുതരമായി ബാധിക്കുന്ന പ്രശ്നത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ ഇടപെടൽ അനിവാര്യമാണ്. വിദേശ ഇന്ത്യക്കാർ അയയ്ക്കുന്ന പണംകൊണ്ടാണ് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി

നിലനിൽക്കുന്നത്. രൂപയുടെ മൂല്യം വർദ്ധിക്കുന്നത് കേരളത്തിന്റെ സമ്പദ് വ്യവസ്ഥയിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നതോടൊപ്പം വിദേശ മലയാളികൾക്ക് കനത്ത സാമ്പത്തിക നഷ്ടവും വരുത്തിവയ്ക്കുന്നു. കേന്ദ്രഗവൺമെന്റ് എക്സ്പോർട്ടേഴ്സിനുവേണ്ടി പല കാര്യങ്ങളും ചെയ്യുന്നുണ്ട്. കേരളത്തിലെ എൻ.ആർ.ഐ. ഡെപ്പോസിറ്റിനുള്ള ഇന്ററസ്റ്റ് റേറ്റ് വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടിയെടുക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം.

ധനകാര്യ വകുപ്പുമന്ത്രി <u>(ഡോ. തോമസ് ഐസക്):</u> ഒരു കയറ്റുമതി സംസ്ഥാനമായ കേരളത്തിൽ രൂപയുടെ മൂല്യം വർദ്ധിക്കുന്നത് വിദേശമലയാളികളേയും കേരളത്തിന്റെ സമ്പദ്വ്യവസ്ഥയേയും പ്രതികൂലമായി ബാധിക്കും. റിഫോംസ് തുടങ്ങുന്നതിനുമുമ്പ് രൂപയുടെ വിനിമയനിരക്ക് സർക്കാരായിരുന്നു നിശ്ചിയിച്ചിരുന്നതെങ്കിൽ ഇപ്പോൾ അത് കമ്പോളത്തിന് വിട്ടുകൊടുത്തതിന്റെ ഫലമായി വിലക്കയറ്റമുണ്ടാകുന്നു.. വിലക്കയറ്റം കയറ്റുമതിയെ പ്രതികൂലമായി ബാധിക്കുമെന്നും വ്യാപാരക്കമ്മി കൂട്ടുമെന്നുമുള്ളതാണ് വാണിജ്യ വകുപ്പിന്റെ നിലപാട്. കയറ്റുമതിക്ക് പാക്കേജ് ഉണ്ടാക്കിയതുപോലെ പ്രവാസി മലയാളികൾക്കുവേണ്ടിയുള്ള പ്രത്യേക പാക്കേജിനുവേണ്ടി ശക്തമായി നീങ്ങേണ്ടിവരും. കറന്റ് അക്കൗണ്ട് വഴിയും ക്യാപ്പിറ്റൽ അക്കൗണ്ട് വഴിയുമാണ് പ്രവാസി മലയാളികൾ പണമയയ്ക്കുന്നത്. എൻ.ആർ.ഐ. അക്കൗണ്ടിന്റെ പലിശയുയർത്തിക്കൊണ്ട് ഡോളറിന്റെ ലഭ്യത കൂട്ടാൻ സർക്കാർ ശ്രമിക്കും. പ്രൊഡക്ടീവ് പർപ്പസിനുവേണ്ടിയുള്ള ക്യാപ്പിറ്റൽ സോഴ്സിനെ പ്രോൽസാഹിപ്പിക്കും. എൻ.ആർ.ഐ നിക്ഷേപത്തിന്റെ തോത് കേരളത്തിൽ

കുറഞ്ഞിരിക്കുകയാണ്. പ്രവാസികൾക്ക് ഒരു പ്രത്യേക പാക്കേജ് വേണമെന്ന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താം.

## സബ്മിഷൻ

### (1) സ്വതന്ത്രവും നിഷ്പക്ഷവുമായ പത്രപ്രവർത്തനം

ശ്രീ. കെ. സുധാകരൻ: പത്രമാധ്യമങ്ങളെ സ്വതന്ത്രവും നിഷ്പക്ഷവുമായി പ്രവർത്തിക്കാൻ അനുവദിക്കാതെ പത്ര സ്വാതന്ത്ര്യത്തിന് കൂച്ചുവിലങ്ങ് ഇടുന്ന നിരവധി സംഭവങ്ങളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ദേശാഭിമാനി പത്രം ലോട്ടറി മാഫിയയിൽ നിന്ന് രണ്ട് കോടി രൂപ വാങ്ങിയ വാർത്ത മാതൃഭുമി പത്രം പുറത്തുകൊണ്ടുവന്നതിന്റെ പേരിലാണ് കഴിഞ്ഞ കുറെ ദിവസങ്ങളായി ഈ പത്രത്തിനുനേരെ ആക്ഷേപമുന്നയിക്കുന്നത്. സി.പി.ഐ(എം) സംസ്ഥാന സെക്രട്ടറി ശ്രീ. പിണറായി വിജയനും ഡിവൈ.എഫ്.ഐ-യുടെ നേതാക്കളും മാതൃഭൂമി പത്രാധിപർക്കെതിരെ വധഭീഷണിവരെ ഉയർത്തിയതായി പത്രവാർത്തയുണ്ട്. ഇത്തരത്തിലുള്ള സംഭവങ്ങൾ ആവർത്തിക്കപ്പെടാതെ പത്രമാധ്യമങ്ങൾക്കും പത്രാധിപർക്കും സംരക്ഷണം കൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സ്വതന്ത്രവും നിഷ്പക്ഷവുമായ പത്രപ്രവർത്തനം നടത്തുന്നതിനുള്ള എല്ലാ സംവിധാനവും സംസ്ഥാനത്തുണ്ടാക്കാൻ ഗവൺമെന്റ് എല്ലാവിധ സംരക്ഷണ നടപടികളും സ്വീകരിക്കുന്നതാണ്. പത്ര പ്രവർത്തനം തടസ്സപ്പെടുത്തുന്ന വിധത്തിൽ സി.പി.ഐ(എം)-ഓ ഡി.വൈ.എഫ്.ഐ-യോ എസ്.എഫ്.ഐ-യോ പ്രസ്താവന പുറപ്പെടുവിച്ചതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മാതൃഭൂമി

പത്രാധിപർക്കെതിരെ ഭീഷണിയുണ്ടെന്ന ആക്ഷേപം ഇന്നലെ മാതൃഭൂമിയുടെ എം.ഡി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ മാതൃഭൂമി പത്രാധിപരുടെ വീടിനും കോഴിക്കോട് മാതൃഭൂമി ഓഫീസിനും സംരക്ഷണം ഏർപ്പെടുത്തി. അവിടെ ഒരുതരത്തിലുള്ള അനിഷ്ട സംഭവവും ഉണ്ടായിട്ടില്ല. യൂത്ത് കോൺഗ്രസ്സുകാർ ദേശാഭിമാനി പത്രം കത്തിക്കുന്നു ദേശാഭിമാനിക്കെതിരെയും ഭീഷണിയുണ്ടെന്ന ആക്ഷേപവും മാതൃഭൂമി പത്രത്തിൽതന്നെ വന്നിട്ടുണ്ട്. അതുസംബന്ധിച്ചും ഒരു പരാതിയും ഗവൺമെന്റിന് കിട്ടിയിട്ടില്ല. സ്വതന്ത്രമായ പത്രപ്രവർത്തനത്തിന് തടസ്സം നിൽക്കുന്നതായ എന്തെങ്കിലും ആക്ഷേപം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

പ്രതിപക്ഷനേതാവ് <u>(ശ്രീ. ഉമ്മൻ ചാണ്ടി)</u>: കേരള വർക്കിംഗ് ജേർണലിസ്റ്റ് യൂണിയൻ പ്രസിഡന്റും ജനറൽ സെക്രട്ടറിയും നടത്തിയ പ്രസ്താവനകളിൽ. സ്വതന്ത്രമായ പത്രപ്രവർത്തനം നടത്താൻ സാധിക്കുന്നില്ലെന്നും വധഭീഷണി വന്നിരിക്കുന്നു എന്നും പറയുന്നു. ഇത്തരത്തിൽ പരസ്യമായി വധഭീഷണി മുഴക്കുന്ന അവസ്ഥയിലേയ്ക്ക് യുവജന പ്രസ്ഥാനങ്ങൾ എത്തിയത് നിർഭാഗ്യകരമാണ്. ഇത് നിസ്സാരമായി കാണരുത്. രാഷ്ട്രീയ നേതാക്കൻമാർക്ക് അഭിപ്രായം പറയാനുള്ള സ്വാതന്ത്ര്യമുണ്ട്. അതിനൊരു പരിധിയുണ്ട്. മാതൃഭൂമി ഓഫീസിനും പത്രാധിപർക്കും സംരക്ഷണം കൊടുക്കുകയും ഇതുപോലുള്ള വധഭീഷണി നടത്തുന്നത് തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ)</u> : ഏതെങ്കിലും പത്രമാഫീസിനോ പത്രാധിപൻമാർക്കോ വധഭീഷണി നിലനിൽക്കുന്നതായ ഒരു ആക്ഷേപവും ഇതുവരെ

ഗവൺമെന്റിന് ലഭിച്ചിട്ടില്ല. പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ ആവശ്യമായ നടപടി സ്വീകരിക്കും.

മി. സ്പീക്കർ: ശ്രീ. മാങ്കോട് രാധാകൃഷ്ണനും കൂടി സബ്മിഷൻ ഉന്നയിച്ചതിനുശേഷം ബഹുമാനപ്പെട്ട മന്ത്രി ഒന്നിച്ചു മറുപടി പറഞ്ഞാൽ മതി.

(2) ഭൂമിയുടെ പാട്ടനിരക്ക്

ശ്രീ. പി.സി. ജോർജ്: സംസ്ഥാനത്ത് കുത്തകപ്പാട്ടത്തിന് കൊടുത്തിരിക്കുന്ന ഭൂമിയിൽ നിന്ന് ഹെക്ടറിന് 50 പൈസ മുതൽ 50 രൂപവരെയാണ് ഈടാക്കുന്നത്. സർക്കാർ ഖജനാവിന് വലിയ നഷ്ടമുണ്ടാക്കുന്നതും വൻകിടക്കാരെ സഹായിക്കാൻ ഉപകരിക്കുന്നതുമായ ഈ നയം തിരുത്തണം. സർക്കാർ മേഖലയിലുള്ള തോട്ടങ്ങളുടെ വിസ്തൃതി അന്യാധീനപ്പെട്ടു പോകുന്നത് തടയണം.

(3) ക്ലബ്ബുകൾ കൈവശം വച്ചിട്ടുള്ള ഭൂമി

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: സംസ്ഥാനത്ത് പാട്ട വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് വലിയ ക്ളബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. ചെറിയ തുകയ്ക്ക് പാട്ടത്തിന് നൽകിയിട്ടുള്ള ഭൂമിയിൽ കല്യാണ മണ്ഡപങ്ങളും വാണിജ്യ സ്ഥാപനങ്ങളും ബാർ ഹോട്ടലുകളും പ്രവർത്തിക്കുന്ന സ്ഥിതിവിശേഷമുണ്ട്. കോടിക്കണക്കിന് രൂപയുടെ നഷ്ടമാണ് ഇതുമൂലം സർക്കാരിന് ഉണ്ടായിട്ടുള്ളത്. സമ്പന്നരെ സഹായിക്കുന്ന ഇത്തരം നടപടികൾക്ക് പരിഹാരമുണ്ടാക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): സംസ്ഥാനത്തൊട്ടാകെ 6,359 കേസുകളിലായി 5,012 ഏക്കർ സർക്കാർ ഭൂമിയാണ് ക്ലബുകൾക്കും മറ്റ് സ്ഥാപനങ്ങൾക്കുമായി കൊടുത്തിട്ടുള്ളത്. ഇതിന്റെ പാട്ടക്കുടിശ്ശികയിന

ത്തിൽ 57,46,96,512 രൂപ പിരിഞ്ഞുകിട്ടാനുണ്ട്. ഇതിൽ 23.77 കോടി രൂപ ഉടൻതന്നെ പിരിച്ചെടുക്കത്തക്കവിധത്തിലുള്ളതാണ്. 1976 കേസുകളിലെ ഭൂമി പാട്ടക്കരാർ റദ്ദ് ചെയ്ത് ഏത് നിമിഷവും തിരിച്ചെടുക്കാവുന്നതാണ്. സ്ഥിരമായി ലംഘിക്കുന്നവരുടെ പാട്ടക്കരാർ റദ്ദ് ചെയ്ത് ഭൂമി തിരിച്ചെടുക്കുന്നതാണ്. പെറ്റീഷൻസ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഗോൾഫ് ക്ലബിനു കൊടുത്തിട്ടുള്ള ഭൂമി തിരിച്ചെടുക്കാനുള്ള നടപടി റവന്യൂ വകുപ്പ് സ്വീകരിച്ചുവരികയാണ്. ഏറ്റെടുക്കുന്ന ഭൂമി ലാന്റ് ബാങ്കിൽ നിക്ഷിപ്തമാക്കി സർക്കാരിന്റെ പൊതു ആവശ്യത്തിന് ഉപയോഗിക്കാനുദ്ദേശിക്കുന്നു. ലീസ് റേറ്റ് വർദ്ധിപ്പിക്കുന്നതിനുള്ള നിയമത്തിന്മേൽ 3 മാസത്തിനുള്ളിൽ റൂൾസ് തയ്യാറാക്കി സബ്ജക്ട് കമ്മിറ്റി അംഗീകരിച്ച് നടപടി സ്വീകരിക്കും. പൊതുഭൂമി സംരക്ഷിക്കുന്ന കാര്യത്തിൽ സഭയുടെ പിന്തുണ ഉണ്ടാകണം.

### (4) മെഡിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിക്കൽ

ശ്രീ. എ.സി. മൊയ്തീൻ: കേരളത്തിൽ ആരംഭിക്കാനുദ്ദേശിക്കുന്ന നിർദ്ദിഷ്ട മെഡിക്കൽ സർവ്വകലാശാല തൃശ്ശൂർ മെഡിക്കൽ കോളേജ് കാമ്പസ് ആസ്ഥാനമാക്കി സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): മെഡിക്കൽ യൂണിവേഴ്സിറ്റി എവിടെ സ്ഥാപിക്കണം എന്നത് സംബന്ധിച്ച് നയപരമായ തീരുമാനം സർക്കാർ ഇതുവരേയും എടുത്തിട്ടില്ല. മെഡിക്കൽ യൂണിവേഴ്സിറ്റിയിൽ എന്തെല്ലാം കാര്യങ്ങൾ ഉൾക്കൊള്ളിക്കണം എന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തേണ്ടതുണ്ട്. ഡോ. ഇക്ബാൽ ചെയർമാനായ കമ്മിറ്റി പ്രാഥമിക റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

കേരളത്തിലെ എല്ലാ മെഡിക്കൽ കോളേജുകളേയും നിയന്ത്രിക്കാൻ കഴിയുന്ന തരത്തിലുള്ള സംവിധാനം മെഡിക്കൽ യൂണിവേഴ്സിറ്റിക്ക് ഉണ്ടാകണം. അതിനനുസരിച്ചുമാത്രമേ മെഡിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുകയുള്ളൂ.

(5) വൈറ്റിലയിൽ ബസ് ടെർമിനൽ

ശ്രീ. കെ. ബാബു: കൊച്ചി നഗരത്തിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാനായി വൈറ്റിലയിൽ ഒരു രാജ്യാന്തര ബസ് ടെർമിനൽ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം. ഇതിനായി വൈറ്റിലയിൽ കൃഷി വകുപ്പിന്റെ കൈവശമുള്ള സ്ഥലം വിട്ടുതരുകയും അവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഫാം മാറ്റി സ്ഥാപിക്കുന്നതിനായി പകരം സ്ഥലം തരാമെന്നുള്ള ജില്ലാ പഞ്ചായത്തിന്റെ നിർദ്ദേശം അംഗീകരിക്കുകയും ചെയ്യണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): കൃഷി വകുപ്പിന്റെ കീഴിലുള്ള സ്ഥലങ്ങൾ മറ്റാവശ്യങ്ങൾക്കായി വിട്ടുകൊടുക്കരുതെന്ന പൊതു തീരുമാനം ഉണ്ട്. 1.72 ഹെക്ടർ സ്ഥലമാണ് വൈറ്റിലയിൽ കൃഷി വകുപ്പിന്റെ കയ്യിലുള്ളത്. ബാക്കിയുള്ള സ്ഥലം കേരഫെഡ്ഡിന്റെ കയ്യിലാണ്. വൈറ്റിലയിലെ സ്ഥലം വിട്ടുകൊടുക്കാൻ പാടില്ലെന്ന ആവശ്യം അവിടത്തെ തൊഴിലാളി സംഘടനകളും ഉന്നയിച്ചിട്ടുണ്ട്. ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

(6) കാസർകോട് ജില്ലയിലെ വൈദ്യുതി പ്രതിസന്ധി

ശ്രീ. കെ. വി. കുഞ്ഞിരാമൻ: മിനിമം ഗാരന്റി സ്കീം ആർ.ജി. ജി. വൈ. സ്കീം ആക്കി മാറ്റിയ സാഹചര്യത്തിൽ വേണ്ടത്ര ട്രാൻസ്ഫോമറുകൾ ലഭ്യമാക്കുന്നതിനും ഹരിജൻ/ ആദിവാസി കോളനി ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിനും നടപടി സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): കാസർകോട് ജില്ലയിൽ 16.68 കോടി രൂപയുടെ ആർ. ജി. ജി. വൈ. പദ്ധതിക്ക് അനുമതി ലഭിക്കുകയും അത് ഏറ്റെടുത്ത് നടത്താൻ എൻ.ടി. പി. സി. യെ ഏൽപ്പിക്കുകയും ചെയ്തു. 347 പ്രദേശങ്ങളിൽ ഈ പദ്ധതി പ്രകാരം വൈദ്യുതി എത്തിക്കാൻ കഴിയും. സുനാമി റീഹാബിലി റ്റേഷൻ സ്കീമിൽ ഉൾപ്പെട്ട 3.5 കോടി രൂപയുടെ 95 പ്രവൃത്തികളിൽക്കൂടി കടലോര പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കും. മിനിമം ഗ്യാരന്റി സ്കീമിൽ ഒപ്പിട്ടിരിക്കുന്ന പദ്ധതികൾ ആർ. ജി. ജി. വൈ. സ്കീമിൽ ഉൾപ്പെടുത്തി ഏറ്റെടുക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രവൃത്തി തുടങ്ങിയ 40 പദ്ധതികൾ ബോർഡിന്റെ നോർമൽ ഡെവലപ്മെന്റ് സ്കീമിൽ പൂർത്തിയാക്കും. പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിൽ വൈദ്യുതി എത്തി ക്കുന്നതിന് ആർ. ജി. ജി. വൈ. സ്കീമിന് പുറമേ കോർപ്പസ് ഫണ്ടിൽ നിന്നും വൈദ്യുതി ബോർഡിൽ നിക്ഷേപിച്ച പണംകൂടി ഉപയോഗിച്ച് മുൻഗണനാടിസ്ഥാനത്തിൽ പ്രവർത്തനം നടത്തും. രണ്ട് വർഷ ത്തിനുള്ളിൽ എല്ലാ കോളനികളിലും വൈദ്യുതി എത്തിക്കുന്നതിനുള്ള നടപ ടികളാണ് ഇപ്പോൾ ആരംഭിച്ചിട്ടുള്ളത്. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്ന തിന് ജില്ലയിൽ 64 പ്രവൃത്തികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. 20,000-ത്തിലധികം ഉപഭോക്താക്കൾ ഉള്ള സെക്ഷനുകൾ വിഭജിക്കുന്ന കാര്യം ബോർഡ് തലത്തിൽ പരിശോധിക്കുന്നതാണ്.

(7) ചിറ്റൂർ ഷുഗർ മില്ലിലെ പ്രശ്നങ്ങൾ

ശ്രീ. കെ. അച്ചുതൻ: ചിറ്റൂർ കോ-ഓപ്പറേറ്റീവ് ഷുഗർ മില്ലിന് കരിമ്പ് നൽകിയ വകയിൽ കർഷകർക്ക് കൊടുക്കാനുള്ള 3.5 കോടിയോളം രൂപ കൊടുക്കുന്നതിനും അവശേഷിക്കുന്ന ജീവനക്കാർക്ക് വി.ആർ.എസ്. ആനുകൂല്യം നൽകുന്നതിനും ഡിസ്റ്റിലറി തുറന്നു പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) ഫാക്ടറി പ്രവർത്തിച്ചിരുന്ന കാലത്ത് കരിമ്പ് വാങ്ങിയ ഇനത്തിൽ കർഷകർക്ക് കൊടുക്കാനുള്ള പണം നൽകുന്നതിന് വേണ്ട ഫണ്ട് റിലീസ് ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. 2005-ൽ അന്നത്തെ സർക്കാർ 737 ലക്ഷം രൂപ അനുവദിച്ച് കുറച്ചുപേർക്ക് വി. ആർ. എസ്. ആനുകൂല്യം നൽകിയിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് വി. ആർ. എസ്. നൽകുന്നതിന് ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 10 കോടി രൂപ റിലീസ് ചെയ്ത് കിട്ടിക്കഴിഞ്ഞാൽ ബാക്കിയുള്ളവർക്കും വി.ആർ.എസ്. ആനുകൂല്യം കൊടുക്കുന്നതാണ്. ഡിസ്റ്റിലറി ബിവറേജസ് കോർപ്പറേഷനെക്കൊണ്ട് ഏറ്റെടുപ്പിക്കുന്നതു സംബന്ധിച്ച കാര്യങ്ങൾ ആലോചിച്ചുവരികയാണ്. ഇക്കാര്യത്തിൽ എക്സൈസ് വകുപ്പിന്റെ വിദഗ്ദ്ധ കമ്മിറ്റിയുടെ റിപ്പോർട്ട് ചർച്ച ചെയ്ത് താമസിയാതെ തീരുമാനം കൈക്കൊള്ളുന്നതാണ്.

(8) ക്ഷേത്രപ്രവേശനം സംബന്ധിച്ച്

ശ്രീ. ടി.എൻ. പ്രതാപൻ: ഹിന്ദുമത വിശ്വാസികളായവർക്ക് ക്ഷേത്രപ്രവേശനം സാധ്യമാക്കുന്നതിനും ക്ഷേത്രകലകളെയും

കലാകാരന്മാരെയും സംരക്ഷിക്കുന്നതിനും ഗുരുവായൂർ ക്ഷേത്ര പ്രവേശന വിളംബരത്തിൽ കാലോചിതമായ മാറ്റം വരുത്തുന്നതിനും നടപടി സ്വീകരിക്കണം.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കേരളത്തിൽ നിലനിൽക്കുന്ന സാമൂഹിക വിവേചനം ഇല്ലാതാക്കാനും എല്ലാ ഹിന്ദുമത വിശ്വാസികൾക്കും ക്ഷേത്രപ്രവേശനം ഉറപ്പുവരുത്താനും സർക്കാർ ശ്രമിച്ചുവരികയാണ്. .

(9) വ്യാജപട്ടയങ്ങളെക്കുറിച്ചുള്ള വിജിലൻസ് അന്വേഷണം

ശ്രീ. വി.ഡി. സതീശൻ: മൂന്നാറിലെ വ്യാജപട്ടയങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിന് നിയോഗിച്ച അഡീഷണൽ ഡി.ജി.പി. സിബി മാത്യുവിന്റെ അന്വേഷണ പരിധിയിൽ രവീന്ദ്രൻ പട്ടയങ്ങളെക്കൂടി ഉൾപ്പെടുത്തണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഇടുക്കിയിലെ ദേവികുളം, ഉടുമ്പൻചോല, പീരുമേട് പ്രദേശങ്ങളിലെ അനധികൃത ഭൂമികയ്യേറ്റങ്ങളെക്കുറിച്ചും വ്യാജപ്പട്ടയങ്ങളെക്കുറിച്ചും അന്വേഷിക്കുന്നതിന് വിജിലൻസ് അഡീഷണൽ ഡയറക്ടർ ശ്രീ. സിബി മാത്യുവിന്റെ നേതൃത്വത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുണ്ട്. ഏതെങ്കിലും പ്രത്യേക പട്ടയത്തെ അന്വേഷണപരിധിയിൽ നിന്ന് ഒഴിവാക്കാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടില്ല.

(10) കെ.എസ്.യു. പ്രവർത്തകരുടെ നേരെ നടന്ന ലാത്തിച്ചാർജ്ജ്

ശ്രീ. പി.സി. വിഷ്ണുനാഥ്: സ്വകാര്യ-സ്വാശ്രയ മാനേജ്മെന്റുകളുമായി സർക്കാർ ഉണ്ടാക്കിയ കരാറിൽ പ്രതിഷേധിച്ച് ഇക്കഴിഞ്ഞ 3-7-2007-ന്

കെ.എസ്.യു. സംസ്ഥാന പ്രസിഡന്റ് ശ്രീ. ഹൈബി ഈഡന്റെ നേതൃത്വത്തിലുള്ള സെക്രട്ടേറിയറ്റ് മാർച്ചിനുനേരെ പോലീസ് നടത്തിയ ക്രൂരമായ ലാത്തിച്ചാർജ്ജിൽ പരിക്കുപറ്റിയവരെ ചികിൽസപോലും നിഷേധിച്ച് ജയിലിലടച്ചിരിക്കുകയാണ്. ലാത്തിച്ചാർജ്ജ് നടത്തിയ പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കുകയും കെ.എസ്.യു. പ്രവർത്തകരുടെ പേരിലുള്ള കേസ് പിൻവലിക്കുകയും ചെയ്യണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ):</u> സ്വാശ്രയ കോളേജ് പ്രവേശന പ്രശ്നമുന്നയിച്ച് ജൂലായ് 3-7-2007-ന് കെ.എസ്.യു. സംസ്ഥാന പ്രസിഡന്റിന്റെ നേതൃത്വത്തിൽ നടന്ന സെക്രട്ടേറിയറ്റ് മാർച്ചിന്റെ ഉദ്ഘാടനം കഴിഞ്ഞശേഷം ഒരു വിഭാഗം പ്രവർത്തകർ പോലീസിന്റെ ബാരിക്കേഡുകൾ തകർത്ത് സെക്രട്ടേറിയറ്റിനുള്ളിൽ കടക്കാൻ ശ്രമിച്ചതിനെ പോലീസ് തടഞ്ഞപ്പോൾ മറ്റൊരു വിഭാഗം പോലീസിനെ പിന്തിരിപ്പിക്കാൻ ശ്രമിക്കുകയുണ്ടായി. അതിനെത്തുടർന്ന് പോലീസ് ലാത്തിച്ചാർജ്ജ് നടത്തുകയും 30 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തു. അറസ്റ്റ് ചെയ്തവരെ പോലീസ് വാനിൽ കയറ്റിയപ്പോൾ അവർ പോലീസ് വാനിന്റെ ഗ്ലാസ് തല്ലിത്തകർത്തതിനെതിരെ കന്റോൺമെന്റ് പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അറസ്റ്റ് ചെയ്യപ്പെട്ടവരിൽ 8 പേർ ചികിൽസ വേണമെന്നാവശ്യപ്പെട്ടതിനെത്തുടർന്ന് അവരെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. 22 പേരെ കോടതി റിമാന്റ് ചെയ്തു. സമരം ചെയ്യുന്ന വിദ്യാർത്ഥികളെ തല്ലിച്ചതയ്ക്കുന്ന നയം ഗവൺമെന്റിനില്ല. എന്നാൽ

ബോധപൂർവ്വം ക്രമസമാധാനം തകർക്കാനുദ്ദേശിക്കുന്ന യാതൊരു നീക്കത്തെയും ഗവൺമെന്റ് അനുവദിച്ചു കൊടുക്കുകയില്ല.

(11) ചാലക്കുടി റിഫ്രാക്ടറീസിന്റെ സ്ഥലം

ശ്രീ. ബി.ഡി. ദേവസ്സി: 1992 മുതൽ പൂട്ടിക്കിടക്കുന്ന ചാലക്കുടി റിഫ്രാക്ടറീസ് സ്ഥിതി ചെയ്യുന്ന 40 സെന്റ് സ്ഥലവും കെട്ടിടവും യന്ത്രസാമഗ്രികളും നശിച്ചുപോവുകയാണ്. നാഷണൽ ഹൈവേയോടും റെയിൽവേ സ്റ്റേഷനോടും ചേർന്നുകിടക്കുന്ന പ്രസ്തുത സ്ഥലവും കെട്ടിടവും വികസനപ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുകയോ ചാലക്കുടി മുനിസിപ്പാലിറ്റിക്ക് കൈമാറുകയോ ചെയ്യണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): ചാലക്കുടി റിഫ്രാക്ടറീസിന് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ, കെ.എസ്.ഐ.ഡി.സി. തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ കടബാധ്യതയുണ്ട്. ഇതുപോലെ പൂട്ടിക്കിടക്കുന്ന മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭൂമിയും കെട്ടിടങ്ങളും യന്ത്രങ്ങളും അടിസ്ഥാന സൗകര്യങ്ങളും സംസ്ഥാനത്തിന്റെ വ്യാവസായിക വികസനത്തിന് ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്ന ഘട്ടത്തിൽ ഈ സ്ഥാപനത്തിന്റെ കാര്യവും സജീവമായി പരിഗണിക്കുന്നതാണ്.

(12) സായാഹ്ന കൈരളി ചീഫ് എഡിറ്ററുടെ വീടിനു നേരെയുണ്ടായ ആക്രമണം

ശ്രീ. ജോസ് തെറ്റയിൽ: ഗുരുവായൂരിൽ ബി.ജെ.പി. നടത്തിയ സത്യാഗ്രഹത്തെ അവഗണിച്ചു എന്ന പേരിൽ 'സായാഹ്ന കൈരളി'യുടെ പത്രാധിപരുടെ വസതിക്കുനേരെ 18-6-2007-ന് നടത്തിയ ആക്രമണത്തിൽ

കുറ്റക്കാരായവർക്കെതിരെ നടപടി സ്വീകരിക്കുകയും ഭീഷണി നിലനിൽക്കുന്ന സാഹചര്യത്തിൽ അദ്ദേഹത്തിന് സംരക്ഷണം ഏർപ്പെടുത്തുകയും ചെയ്യണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): 'സായാഹ്ന കൈരളി' പത്രാധിപരുടെ വീടിനുനേരെ 18-06-2007-ന് രാത്രി നടന്ന ആക്രമണത്തെക്കുറിച്ചുള്ള അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കൊടുങ്ങല്ലൂർ നിയോജകമണ്ഡലം ബി.ജെ.പി. സെക്രട്ടറിയെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. മറ്റ് പ്രതികളെ കണ്ടുപിടിക്കാൻ ഊർജ്ജിതമായ അന്വേഷണം നടക്കുന്നുണ്ട്. മാധ്യമപ്രവർത്തകർക്കുനേരെ നടക്കുന്ന ആക്രമണങ്ങളെ ഗവൺമെന്റ് ഗൗരവമായി കണ്ട് കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

(13) ശംഖുംമുഖം എയർപോർട്ട് റോഡ്

ശ്രീ. വി സുരേന്ദ്രൻ പിള്ള: ഇന്റർനാഷണൽ എയർപോർട്ടിലേയ്ക്കുള്ള ഏക ഗതാഗത മാർഗ്ഗമായ ശംഖുമുഖം-എയർപോർട്ട് റോഡ് കഴിഞ്ഞ ദിവസങ്ങളിലുണ്ടായ കാലവർഷക്കെടുതിയിൽ തകരാറിലായിരിക്കുന്നു. കടലാക്രമണത്തിൽ തീരപ്രദേശത്തുള്ള ധാരാളം വീടുകൾ നഷ്ടപ്പെടുകയും ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ നിർമ്മാണപ്രവർത്തനങ്ങൾ നശിക്കുകയും ചെയ്തു. ടൂറിസം-പൊതുമരാമത്ത്-റവന്യൂ വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് അടിയന്തിരമായി ഈ റോഡ് പുന:സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): ശംഖുമുഖം ബീച്ചിന്റെ ചില ഭാഗങ്ങൾ കടലാക്രമണംമൂലം കുറച്ചുദിവസംമുമ്പ്

തകരുകയുണ്ടായി. ഇന്നലെ അവിടത്തെ റോഡും തകർന്നു. അപ്പോൾത്തന്നെ മന്ത്രിമാരും ജില്ലാ കളക്ടറും മറ്റ് ഉദ്യോഗസ്ഥരും പ്രസ്തുത സ്ഥലം സന്ദർശിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു. കടലാക്രമണം രൂക്ഷമായ തീരപ്രദേശങ്ങൾ കണ്ടെത്തി കല്ലിടേണ്ട സ്ഥലങ്ങൾ നിശ്ചയിക്കാൻ ജനകീയ കമ്മിറ്റിയെ തെരഞ്ഞെടുത്തിട്ടുണ്ട്. വീടും സ്ഥലവും നഷ്ടപ്പെട്ടവരെ സ്ഥിരമായി പുനരധിവസിപ്പിക്കാൻ ആവശ്യമായ ഭൂമി കണ്ടെത്തി വീടുവച്ച് കൊടുക്കാനാണ് ഗവൺമെൻറ് തീരുമാനിച്ചിട്ടുളളത്. പൊതുമരാമത്ത്-ടൂറിസം-റവന്യൂ വകുപ്പുകൾ സംയുക്തമായി ചേർന്ന് നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനാവശ്യമായ ഫണ്ട് കണ്ടെത്താൻ റവന്യൂ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(14) <u>മലപ്പുറം ജില്ലയിലെ കാലവർഷക്കെടുതി</u>

<u>ശ്രീ. എം. ഉമ്മർ</u> : മലപ്പുറം ജില്ലയിലുണ്ടായ കാലവർഷക്കെടുതിയിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകാനും ഒഴുക്കിൽപ്പെട്ട് കാണാതായവരുടെ മൃതശരീരം കണ്ടെത്താനുളള തെരച്ചിൽ നടത്താനും അടിയന്തിര നടപടി സ്വീകരിക്കണം. വീടുകൾ നഷ്ടപ്പെട്ടവർക്ക് അടിയന്തിര ധനസഹായവും കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരവും നൽകാനാവശ്യമായ നടപടികൾ സ്വീകരിക്കണം

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ. പി. രാജേന്ദ്രൻ):</u> മലപ്പുറം ജില്ലയിലുണ്ടായ അതിശക്തമായ കാറ്റിലും മഴയിലും ധാരാളം നാശനഷ്ടങ്ങൾ സംഭവിക്കുകയും അതിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ശക്തമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഒഴുക്കിൽപ്പെട്ട് കാണാതായവരുടെ മൃതദേഹങ്ങൾക്കായി ദേശീയ ദുരന്ത നിവാരണ

സേനാപ്രവർത്തകർ തെരച്ചിൽ നടത്തുകയാണ്. വീടുകൾ നഷ്ടപ്പെട്ടവരെ ദുരിതാശ്വാസക്യാമ്പുകളിൽ പാർപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കാലവർഷക്കെടുതിയിൽ 1000 കോടിയിൽപ്പരം രൂപയുടെ നഷ്ടമുണ്ടായി. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പ്രധാനമന്ത്രിക്ക് നിവേദനം സമർപ്പിക്കുകയും അടിയന്തിരമായി ധനസഹായം നൽകണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

(15) മണലൂരിലെ കാലവർഷക്കെടുതി

ശ്രീ. മുരളി പെരുനെല്ലി: മണലൂരിലെ 5 പഞ്ചായത്തുകളിലുണ്ടായ കാലവർഷക്കെടുതിയിൽ ധാരാളം നാശനഷ്ടങ്ങളുണ്ടായി. അവിടെ വെള്ളം ഒഴുകിപ്പോകുന്നതിനുള്ള തടസ്സങ്ങൾ നീക്കാനാവശ്യമായ നടപടി സ്വീകരിക്കണം. മരണപ്പെട്ടവരുടെ ആശ്രിതർക്ക് ധനസഹായവും ദുരിതബാധിതർക്ക് നഷ്ടപരിഹാരവും അടിയന്തിരമായി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): കാലവർഷക്കെടുതിയിൽ കനോലിക്കനാലിൽ വെള്ളം കരകവിഞ്ഞൊഴുകിയതിന്റെ ഫലമായി വീടുകൾ നഷ്ടപ്പെട്ടവരെ ക്യാമ്പുകളിൽ മാറ്റിപ്പാർപ്പിക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് അർഹമായ ധനസഹായം കൊടുക്കുകയും ജില്ലകളിലെ കാലവർഷക്കെടുതി കണക്കിലെടുത്ത് ജില്ലാ കളക്ടർമാർക്ക് 25 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. കാലവർഷം രൂക്ഷമായപ്പോൾ 20 കോടി രൂപ വീണ്ടും അനുവദിച്ചിട്ടുണ്ട്. ഓരോ ജില്ലയ്ക്കും രണ്ട്, രണ്ടരക്കോടി രൂപ വീതം ലഭിക്കും. ഗവൺമെന്റിന്റെ കൈവശം ഇനിയും ചെലവഴിക്കേണ്ടതായ

ആവശ്യങ്ങൾക്ക് നീക്കിവച്ചിരിക്കുന്ന തുക എടുത്തുകൊണ്ട് പരമാവധി സഹായം ലഭ്യമാക്കുന്നതാണ്.

(16) <u>എടയ്ക്കാട് മണ്ഡലത്തിലെ കാലവർഷക്കെടുതി</u>

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: എടയ്ക്കാട് മണ്ഡലത്തിൽ ചെമ്പിലോട് പഞ്ചായത്തിൽ കാലവർഷക്കെടുതിയെത്തുടർന്ന് മുഹമ്മദ് റാഫി എന്ന 4 വയസ്സുകാരൻ മരിക്കാനിടയായി. അവിടെ വൈദ്യുതി തകരാറിലാകുകയും 4 സ്കൂളുകൾ പൂർണ്ണമായും നശിക്കുകയും ചെയ്തു. ഹരിജൻ കോളനികളിലെ കിണറുകൾ ഇടിഞ്ഞുതാഴുകയും കടലാക്രമണം ഉണ്ടാവുകയും ചെയ്തു. കാലവർഷത്തെത്തുടർന്ന് മരിച്ചവരുടെ കുടുംബങ്ങൾക്കും വീടുകളും കൃഷിയും നഷ്ടപ്പെട്ടവർക്കും സാമ്പത്തിക സഹായം നൽകാനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ. പി. രാജേന്ദ്രൻ):</u> കാലവർഷക്കെടുതിയെത്തുടർന്ന് ചെമ്പിലോട് പഞ്ചായത്തിൽ മുഹമ്മദ് റാഫി മരിച്ചത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ വരികയും ആ കുട്ടിയുടെ കുടുംബത്തിന് 15,000 രൂപ സഹായം അനുവദിക്കുകയും ചെയ്തു. കണ്ണൂർ ജില്ലയിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് അർഹമായ സാമ്പത്തിക സഹായം നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. വമ്പിച്ച തോതിൽ കൃഷിനാശം ഉണ്ടായ കണ്ണൂർ ജില്ലയ്ക്ക് 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടുതൽ സംഖ്യ അനുവദിക്കുന്നത് സംബന്ധിച്ച് ഇന്ന് ഉച്ചയ്ക്ക് ചർച്ചചെയ്ത് തീരുമാനിക്കുന്നതാണ്.

## മേശപ്പുറത്ത് വച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്ത് വച്ചു.

## റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## പ്രസ്താവന

<u>മൂന്നാറിലെ അനധികൃത ഭൂമി കയ്യേറ്റം</u>

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ. പി. രാജേന്ദ്രൻ) :</u> 2006 സെപ്റ്റംബർ മുതൽ അനധികൃതമായ ഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നതിന് റവന്യൂ വകുപ്പിൽനിന്നും ആരംഭിച്ച ശക്തമായ നടപടികളുടെ ഭാഗമായി ദേവികുളം, ഉടുമ്പൻചോല താലൂക്കുകളിലും പ്രത്യേകിച്ച് മൂന്നാറിലും അനധികൃതമായ ഭൂമി കയ്യേറ്റം സർക്കാർ ഒഴിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ടാറ്റ, മൂന്നാറിൽ നടത്തിയ നിയമവിരുദ്ധമായ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതും ഇതിന്റെ ഭാഗമാണ്. ദേശീയ പാതയ്ക്ക് ഇരുവശത്തായി ടാറ്റ കയ്യേറി തേയിലച്ചെടി വച്ചുപിടിപ്പിച്ച ഭൂമി ഇതിനകംതന്നെ തിരിച്ചുപിടിച്ചു. ‘ഹോം സ്റ്റേ’ എന്ന പേരിൽ പത്ത് ടൂറിസ്റ്റ് ബംഗ്ലാവുകൾ അനധികൃതമായി ഈ ഭൂമിയിൽ പ്രവർത്തിച്ച് വരുന്നത് നിറുത്തിവയ്പ്പിക്കാനും നടപടികൾ സ്വീകരിച്ചു. വിറകാവശ്യത്തിനുവേണ്ടി അനുവദിക്കപ്പെട്ടതിനേക്കാൾ 3113 ഏക്കർ ഭൂമി അധികം കൈവശമുള്ളതായി ടാറ്റാ ടീ സമ്മതിക്കുന്നതായ അഫിഡവിറ്റ് സർക്കാരിന്റെ മുമ്പിൽ വരികയുണ്ടായി. കൃത്യമായി എത്ര ഭൂമി കൈവശമുണ്ടെന്നും എത്ര ഏക്കർ വിറക് തോട്ടങ്ങൾ

തേയിലത്തോട്ടങ്ങളാക്കി മാറ്റിയെന്നും ഗവൺമെന്റിനെ അറിയിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ടാറ്റയ്ക്ക് നോട്ടീസ് കൊടുത്തിട്ടുണ്ട്. ഫോറസ്റ്റ് കൺസർവേഷൻ ആക്ടിന്റെ അടിസ്ഥാനത്തിലാണ് ഈ നോട്ടീസ് നൽകിയത്. ടാറ്റയുടെ കൈവശമുള്ള ഭൂമിയെ സംബന്ധിച്ചും അനധികൃതമായി ടാറ്റ കയ്യേറ്റം നടത്തി കൈവശപ്പെടുത്തിയ ഭൂമിയെ സംബന്ധിച്ചും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെകൂടി വിധിയുടെ അടിസ്ഥാനത്തിലും മന്ത്രിസഭാ തീരുമാനത്തിന്റെ ഭാഗമായും ഹൈദ്രാബാദിലെ എൻ.ആർ.എസ്.എ. നടത്തിവന്നിരുന്ന ഉപഗ്രഹ സർവ്വേയുടെ റിപ്പോർട്ട് കിട്ടിയാലുടൻ മന്ത്രിസഭ ചർച്ച ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതും കയ്യേറ്റഭൂമി പൂർണ്ണമായി ഒഴിപ്പിച്ചെടുക്കുന്നതുമാണ്. കെ.ഡി.എച്ച് വില്ലേജിലെ എട്ടാം മൈൽ എന്ന സ്ഥലത്ത് നയമക്കാട്, കന്നിമല, തെന്മല, തലയാർ, വാഗുവരൈ എന്നീ എസ്റ്റേറ്റുകളാൽ ചുറ്റപ്പെട്ട് ഇരവികുളം ദേശീയോദ്യാനത്തിന്റെ ഒരു ഭാഗത്തോടുചേർന്ന് പൊതുമരാമത്ത് വകുപ്പിന്റെ റോഡിന്റെ പുറത്തായി "ഗുണ്ടുമലൈ ടീ എസ്റ്റേറ്റ്, വാഗുവരൈ ഡിവിഷൻ, കണ്ണൻദേവൻ ഹിൽസ് പ്ളാന്റേഷൻ കമ്പനി പ്രൈവറ്റ് ലിമിറ്റഡ്" എന്ന് രേഖപ്പെടുത്തിയ ബോർഡ് സ്ഥാപിച്ചിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ടാസ്ക് ഫോഴ്സ് നിയമവിരുദ്ധമായി ടാറ്റ സ്ഥാപിച്ച ഈ ബോർഡ് നീക്കംചെയ്ത് "കേരള സർക്കാർ" എന്ന ബോർഡ് സ്ഥാപിച്ചു. ഇതിന്റെ സമീപപ്രദേശത്ത് ടീ എസ്റ്റേറ്റിന് ഭൂമിയില്ല. ഈ ബോർഡ് സ്ഥാപിച്ചിരുന്ന ഭൂമിയുടെ വടക്കുവശം ഏകദേശം രണ്ട് കി.മീ. ദൂരത്തിൽ ടീ വാഗുവരൈ ഡിവിഷൻ സ്ഥിതിചെയ്യുന്നു. ഈ ബോർഡ് സ്ഥാപിച്ചിരുന്ന ഭൂമി സർക്കാരിൽ

നിക്ഷിപ്തമാക്കിയ 70,522.12 ഏക്കറിൽപ്പെട്ടതും ഇപ്പോൾ വനം വകുപ്പ് കൈവശം വച്ചുകൊണ്ടിരിക്കുന്നതുമാണ്. 1974-ലെ ലാൻഡ് ബോർഡ് അവാർഡ് പ്രകാരം സി.ഡി.കന്നിമല, കന്നിമല നമ്പർ 6 എ, തെന്മല നമ്പർ 14, വാഗുവരൈ 9 എന്നിങ്ങനെ രേഖപ്പെടുത്തിയിട്ടുള്ളതും 4478 സർവ്വേ നമ്പരുകളിലെ ഭൂമി ടി അവാർഡ് പ്രകാരം സർക്കാരിൽനിന്നും നിക്ഷിപ്തമാക്കിയ 70,522.12 ഏക്കറിൽ ഉൾപ്പെട്ടുവരുന്നതുമാണ്. കണ്ണൻ ദേവൻ റിഡംപ്ഷൻ ഓഫ് ലാന്റ്സ് ആക്ട് 1971-ലെ 6(1) സർവ്വേയോടനുബന്ധിച്ച് നടത്തിയ റീസർവ്വേപ്രകാരം ബ്ലോക്ക് നമ്പർ 41-ൽപ്പെട്ടതും സർവ്വേ നമ്പർ ഒന്നിലും പത്തിലുമായി പൂർണ്ണമായി ഉൾക്കൊള്ളുന്നതും, മൂന്നാർ ഉദുമൽപേട്ട റോഡിനു (എൻ.ഒ.റോഡ്) തെക്കും വടക്കും വശങ്ങളിലായി വരുന്നതുമാണ് ഈ ഭൂമി. സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കിയ 70,522.12 ഏക്കർ ഭൂമി ടാറ്റാ കമ്പനിയുടെ എസ്റ്റേറ്റുകൾക്കുള്ളിലും ചേർന്നും പല കഷണങ്ങളായി സ്ഥിതി ചെയ്യുന്നു. ഇതിൽ മാങ്കുളത്ത് 22,300-ൽപ്പരം ഏക്കർ റിസർവ്വ് വനമായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. മാങ്കുളത്ത് വനം വകുപ്പ് സെറ്റിൽമെന്റ് ഓഫീസ് സ്ഥാപിച്ച് ആ ഭൂമിയിൽ 1-1-1977-ന് മുമ്പുള്ള ചെറുകിട കർഷകരുടെ അവകാശങ്ങൾ സംബന്ധിച്ചുള്ള പരിശോധനകൾ നടത്തിവരുന്നു. ഇടുക്കി ജില്ലയിലെ എല്ലാ രാഷ്ട്രീയ നേതാക്കളുടേയും എം.പി.മാരുടെയും, എം.എൽ.എ.മാരുടേയും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർ ഉൾപ്പെടെയുള്ളവരുടെയും യോഗം റവന്യൂ- വനം വകുപ്പ് മന്ത്രിമാരുടെയും

ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും സാന്നിദ്ധ്യത്തിൽ മേയ് ആദ്യ വാരത്തിൽ ചേർന്ന് ആവശ്യമായ തീരുമാനങ്ങൾ എടുത്തിട്ടുള്ളതാണ്. 26,003.6 ഏക്കർ ഭൂമി ഇരവികുളം ദേശീയ ഉദ്യാനത്തിനായി വിജ്ഞാപനം ചെയ്ത ഭൂമിയാണ്. 1974-ലെ ലാന്റ് ബോർഡ് അവാർഡ് പ്രകാരം വിവിധ ആവശ്യങ്ങൾക്കായിട്ട് ഭൂമി മാറ്റിവച്ചിട്ടുള്ളതാണ്. ഇതിൽ വനം വകുപ്പിന് കൈമാറേണ്ട മുഴുവൻ ഭൂമിയും നടപടിക്രമമനുസരിച്ച് നോട്ടിഫൈ ചെയ്തിട്ടില്ല. ഇത് എത്രയും വേഗം നോട്ടിഫൈ ചെയ്യാൻ 2007 ഫെബ്രുവരി മാസത്തിൽ സർക്കാർ ഉത്തരവായിട്ടുള്ളതും നടപടികളെടുത്തുവരുന്നതുമാണ്. എന്നാൽ നീക്കിവച്ചിട്ടുള്ള ഭൂമിയെല്ലാം വനം വകുപ്പ് ഇപ്പോൾ സംരക്ഷിച്ചുവരുന്നതുമാണ്. 2007 ജനുവരി 11-ന് വനം വകുപ്പ് ഈ ചോലവന പ്രദേശം കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് ആന്റ് മാനേജുമെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രാജൈൽ ലാന്റ്സ്) ആക്ട് 2003 അനുസരിച്ച് നമ്പർ ഇ.എഫ്.എൽ. 12-35/2006 ആയി നോട്ടിഫൈ ചെയ്തിട്ടുള്ളതായി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്, ഹൈറേഞ്ച് സർക്കിൾ, കോട്ടയം അറിയിച്ചിട്ടുണ്ട്. കെ.ഡി.എച്ച്. ആക്ടിലെ വ്യവസ്ഥകൾ പ്രകാരം 57192.65 ഏക്കർ സ്ഥലം കണ്ണൻ ദേവൻ കമ്പനിക്കും 70522.12 ഏക്കർ സ്ഥലം ഗവൺമെന്റ് ഏറ്റെടുക്കുകയും ചെയ്യണം. ജി.ഒ.(എം.എസ്.) 787/88/Rd. തീയതി 2-11-1988 എന്ന ഉത്തരവ് പ്രകാരം മേൽ പറഞ്ഞ 70,522.12 ഏക്കർ ഭൂമി താഴെപ്പറയുന്ന വിധമാണ് വിനിയോഗിക്കേണ്ടത്. Land to be retained as such - 43242.55 ഏക്കർ, വനം വച്ചുപിടിപ്പിക്കുന്നതിന് വനം

വകുപ്പിന് കൊടുക്കേണ്ടത്-17922 ഏക്കർ, അസൈൻമെന്റ്-5189.06 ഏക്കർ, ഡെയറി ഡവലപ്മെന്റ്-3824.85 ഏക്കർ, ഹൗസിംഗ് സ്കീം -272.71 ഏക്കർ. ഇത് പ്രകാരം ഭൂമി കൈമാറ്റം ചെയ്യുന്നതാണെന്ന് ഗവൺമെന്റ് ഫെബ്രുവരി മാസത്തിൽ ഉത്തരവിറക്കിയതും നടപടികൾ സ്വീകരിച്ചുവരുന്നതും തോട്ടം തൊഴിലാളികളുടെ ക്ഷേമവും തൊഴിലും സംരക്ഷിച്ചുകൊണ്ട് മൂന്നാറിന്റെ പ്രകൃതി പരിസ്ഥിതി സംരക്ഷണവും ടൂറിസം വികസന പ്രവർത്തനങ്ങളും ഉറപ്പുവരുത്തുന്നവിധത്തിലുള്ള നിയമനിർമ്മാണവും സർക്കാർ നടത്താൻ ആലോചിക്കുന്നു. ടാറ്റായുടേതുൾപ്പെടെയുള്ള ഏത് വിധത്തിലുള്ള കയ്യേറ്റങ്ങളും ഏത് ഭാഗത്തുണ്ടെങ്കിലും അത് ശക്തമായ നടപടികളിലൂടെ ഒഴിപ്പിച്ചെടുക്കുമെന്ന് അറിയിക്കുന്നു.

## ധനകാര്യം

### 2007-2008 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XVII - വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്ക്കാരം

(3764,30,19,000 രൂപ)

റവന്യൂ വകുപ്പുമന്ത്രി (ശ്രീ.കെ.പി. രാജേന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ.തോമസ് ഐസക്): നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 236 (3) അനുസരിച്ച്

വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്ക്കാരം എന്ന XVII -ാം നമ്പർ ധനാഭ്യർത്ഥനയെ സംബന്ധിച്ച പ്രസ്താവന മേശപ്പുറത്തു വയ്ക്കുന്നു.

സർവ്വശ്രീ. കെ.സി. ജോസഫ്, എൻ. ശക്തൻ, സി.പി. മുഹമ്മദ്, കെ.ബാബു, ആര്യാടൻ മുഹമ്മദ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, എം.എ. വാഹീദ്, എ.പി. അനിൽകുമാർ, ബി. ബാബു പ്രസാദ്, ജി. കാർത്തികേയൻ, പി.സി. വിഷ്ണുനാഥ്, റോഷി അഗസ്റ്റിൻ, സി.ടി. അഹമ്മദ് അലി, തോമസ് ചാഴികാടൻ, തോമസ് ഉണ്ണിയാടൻ, കെ. കുട്ടി അഹമ്മദ്കുട്ടി, പി.കെ. അബ്ദു റബ്ബ്, അബ്ദുറഹിമാൻ രണ്ടത്താണി, തോമസ് ചാണ്ടി എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

പ്രൊഫ. കെ.വി.തോമസ്: ധനാഭ്യർത്ഥനയെ എതിർക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്ന സമയത്ത് വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ മുന്നിലും ഗവൺമെന്റിന്റെ മുന്നിലും ആദ്യം വന്നത് സ്വാശ്രയ വിദ്യാഭ്യാസ മേഖലയെ സംബന്ധിക്കുന്ന പ്രശ്നങ്ങളാണ്. സ്വകാര്യ മേഖലയെ മാറ്റിനിർത്തിക്കൊണ്ട് കേരളത്തിലെ ആരോഗ്യ, വിദ്യാഭ്യാസ മേഖലകൾ ഗവൺമെന്റിന് മാത്രമായി നടത്താൻ കഴിയുകയില്ല. ശ്രീ.എ.കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ വളരെ ആലോചിച്ചശേഷം കൊണ്ടുവന്ന ആശയമാണ് 50 ശതമാനം മെറിറ്റും 50 ശതമാനം മാനേജ്മെന്റ് സീറ്റുമെന്നുള്ളത്. അന്നതിനെ എതിർത്തവർക്ക് ഇപ്പോൾ 50:50 എന്ന അനുപാതം നടപ്പിലാക്കാൻ പോലും സാധിക്കുന്നില്ല. ഗവൺമെന്റ് കുറേക്കൂടി ആത്മാർത്ഥത കാണിച്ചിരുന്നുവെങ്കിൽ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുമായിരുന്നു. പ്രശ്നങ്ങൾക്ക് ചർച്ചകളിലൂടെ പരിഹാരമുണ്ടാക്കണം. വിദ്യാഭ്യാസ മേഖലയിൽ സേവന സന്നദ്ധരായി

നിലകൊള്ളുന്ന ധാരാളം ആളുകളുണ്ട്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിലവാരമുള്ള മാറ്റങ്ങൾ കൊണ്ടുവരണം.

പ്രൊഫ. സി. രവീന്ദ്രനാഥ്: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. വിദ്യാഭ്യാസ മേഖലയ്ക്ക് ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. വിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്താനായി കൂടുതൽ പണം കണ്ടെത്താൻ നടപടി സ്വീകരിക്കണം. വിദ്യാഭ്യാസ-ആരോഗ്യ മേഖലയിൽ നിന്നും സർക്കാർ പിന്മാറണമെന്നതാണ് ആഗോളവൽക്കരണ നയം വെളിപ്പെടുത്തുന്നത്. ഇതിനെതിരെ സർക്കാരിന്റെ ഭാഗത്തുനിന്നും ശാസ്ത്രീയമായ ഇടപെടലുണ്ടാകണം. സ്വാശ്രയ വിദ്യാഭ്യാസ ബിൽ പ്രാവർത്തികമാക്കാൻ സാധിച്ചില്ലെങ്കിലും ഒറ്റക്കെട്ടായ സമീപനമുണ്ടായിരുന്നുവെങ്കിൽ സ്വാശ്രയ മാനേജുമെന്റുകളെ നിയന്ത്രിക്കുന്നതിന് സാധിക്കുമായിരുന്നു. ജി.എസ്.ഡി.പി. എഡ്യൂക്കേഷൻ റേഷ്യോ 3.75 ശതമാനമായി വർദ്ധിപ്പിക്കാൻ ഗവൺമെന്റിന് കഴിഞ്ഞു. പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്ന സാഹചര്യത്തിൽ കൂടുതൽ പണം ഈ മേഖലയ്ക്ക് കണ്ടെത്താൻ കഴിയണം. ഇതിനായി കേന്ദ്ര സർക്കാരിൽനിന്നും പണം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം. കേന്ദ്ര സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ പലതും വെട്ടിക്കുറച്ചിരിക്കുകയാണ്. ഇറക്കുമതിച്ചുങ്കം കേന്ദ്ര സർക്കാർ വെട്ടിക്കുറച്ചതിലൂടെ സംസ്ഥാനത്തിന് വലിയ നഷ്ടമുണ്ടായിരിക്കുകയാണ്. വിവിധ പദ്ധതികൾക്കായി കേന്ദ്രത്തിൽനിന്നും സംസ്ഥാന സർക്കാരിന് ലഭിക്കേണ്ട പല തുകകളും ലഭിക്കുന്നില്ല. എസ്.എസ്.എ. പാഠ്യ പദ്ധതി സംസ്ഥാനത്തിന് അനുയോജ്യമല്ല. കസ്തൂർബ ബാലിക നിവേദൻ പദ്ധതിക്ക് ലഭിക്കേണ്ട

വിഹിതം കേന്ദ്രത്തിൽ നിന്നും ലഭ്യമാക്കണം. സ്വാശ്രയ മേഖലയിലെ വിദ്യാഭ്യാസ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം. ജി.എസ്.ഡി.പി. റേഷ്യോ 6 ശതമാനമായിട്ടെങ്കിലും നിലനിർത്തണം. അടുത്ത തലമുറയെ ലക്ഷ്യംവച്ചുകൊണ്ടുള്ള ക്രിയാത്മക പ്രവർത്തനങ്ങളാണ് വിദ്യാഭ്യാസ മേഖലയിൽ സംസ്ഥാന സർക്കാർ നടത്തുന്നത്. അംഗൻവാടി കരിക്കുലം പരിഷ്ക്കരിക്കേണ്ടതാണ്. 1 മുതൽ 12 വരെയുള്ള ക്ളാസ്സുകളെ ഒറ്റ സ്ട്രീമായിട്ട് കാണണം. ആരോഗ്യ-വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നടത്തിപ്പിൽ പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരങ്ങൾ നൽകുന്നതോടൊപ്പം ധനവും നൽകണം. പ്രീ-ഡിഗ്രി ഡീലിംഗ് ചെയ്തപ്പോൾ അനുവദിച്ച കോഴ്സുകൾക്ക് അദ്ധ്യാപകരെ നിയമിച്ചിരുന്നില്ല. റിട്ടയർ ചെയ്ത അദ്ധ്യാപകർക്ക് പകരം അദ്ധ്യാപകരെ നിയമിക്കണം. വിദ്യാഭ്യാസ കൗൺസിൽ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിച്ചുവരികയാണ്. ഉന്നത വിദ്യാഭ്യാസ സിലബസ് പരിഷ്ക്കരിക്കണം. സാംസ്ക്കാരിക മേഖലയുടെ ഗുണഫലങ്ങൾ ഗ്രാമപ്രദേശങ്ങളിലെത്തിക്കണം.

<u>ശ്രീ. പി.കെ. അബ്ദുറബ്ബ്</u> : ധനാഭ്യർത്ഥനയെ എതിർക്കുന്നു. സ്വാശ്രയ മാനേജുമെന്റുകളെ നിയന്ത്രിക്കാൻ ഗവൺമെന്റ് കൊണ്ടുവന്ന വിദ്യാഭ്യാസ നിയമം പരാജയപ്പെട്ടിരിക്കുകയാണ്. ഫീസ് ഘടനയിലെ പരിഷ്ക്കരണം വിദ്യാഭ്യാസ രംഗത്തെ ദോഷകരമായി ബാധിച്ചു. വിദ്യാഭ്യാസ മേഖലയിൽ ഈ വർഷം കാര്യക്ഷമതാ വർഷമായി ആചരിക്കുമെന്ന പ്രഖ്യാപനം പരാജയപ്പെട്ടിരിക്കുകയാണ്. മലപ്പുറം ജില്ലയിൽ ഈ അദ്ധ്യയന വർഷം സൗജന്യമായി നൽകുന്ന ഒന്നാം ക്ളാസ് പാഠപുസ്തകങ്ങൾ ഇനിയും ലഭ്യമാക്കിയിട്ടില്ല. ഹയർ സെക്കന്ററി സ്കൂളുകളിൽ സീറ്റ് അനുവദിച്ചതിൽ

അപാകതകളുണ്ട്. മലപ്പുറം ജില്ലയിൽ 13000 സീറ്റുകളുടെ കുറവുണ്ട്. കൂടുതൽ കോഴ്സുകളും സീറ്റുകളും അനുവദിക്കുന്നതിനും നിലവിലുള്ള സ്ക്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിനും നടപടി സ്വീകരിക്കണം. നരേന്ദ്രൻ കമ്മീഷൻ നിർദ്ദേശിച്ച ഡിഗ്രി, പി.ജി. കോഴ്സുകൾക്കുള്ള 20 ശതമാനം സംവരണം പുന:സ്ഥാപിക്കണം. അറബി ഭാഷാ പഠനത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തണം. സ്കൂൾ സമയം സംബന്ധിച്ച് സർക്കാരിന്റെ ഭാഗത്തുനിന്നും വ്യക്തതയുണ്ടാകണം. സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകളുടെ അഫിലിയേഷൻ സംബന്ധിച്ച അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ച് എൻ.ഒ.സി. നൽകണം. വിജയഭേരി പദ്ധതി പ്രവർത്തനം മലപ്പുറം ജില്ലയിൽ നല്ല രീതിയിൽ നടന്നിട്ടുണ്ട്. ഈ പദ്ധതി നടപ്പാക്കാൻ ചുമതലപ്പെടുത്തിയ കോ-ഓർഡിനേറ്റർമാരുടെ ഡെപ്യൂട്ടേഷൻ റദ്ദാക്കിയതിനെതിരെ നടപടി സ്വീകരിക്കണം. കാലിക്കട്ട് സർവ്വകലാശാലയിൽ തെരഞ്ഞെടുക്കപ്പെട്ട സിന്റിക്കേറ്റ് രൂപീകരിക്കണം. കായിക മേഖലയിലെ ഭാവി താരങ്ങൾക്ക് പ്രോൽസാഹനം നൽകണം. മലപ്പുറത്തോ മഞ്ചേരിയിലോ ഒരു സ്പോർട്ട്സ് കോംപ്ളക്സ് സ്ഥാപിക്കണം.

ശ്രീ. രാജാജി മാത്യൂതോമസ്: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. തകർച്ചയിലേയ്ക്ക് കൂപ്പുകുത്തിയ പൊതുവിദ്യാഭ്യാസ രംഗത്തെ പുന:സംഘടിപ്പിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞുവെന്നത് അഭിനന്ദനാർഹമാണ്. വിദ്യാഭ്യാസരംഗത്തെ ജനാധിപത്യവൽക്കരിക്കുന്നതിനും പരിഷ്ക്കാരങ്ങൾ നടപ്പാക്കാനുമുള്ള ശ്രമം 1957-ലെ കമ്മ്യൂണിസ്റ്റ് ഗവണ്മെന്റ് നടത്തിയതിനെത്തുടർന്ന് വലിയ മുന്നേറ്റമാണ് വിദ്യാഭ്യാസ

രംഗത്ത് ഉണ്ടായിട്ടുള്ളത്. ലാഭക്കൊതിയോടെ വിദ്യാഭ്യാസരംഗം കയ്യടക്കാനും ചൂഷണം ചെയ്യാനുമുള്ള സ്വകാര്യ സംരംഭകരുടെ നീക്കങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്താനും പൊതുവിദ്യാഭ്യാസ സംവിധാനത്തെ സംരക്ഷിക്കാനും ഒരു വർഷംകൊണ്ട് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റിന് കഴിഞ്ഞിട്ടുണ്ട്. കേന്ദ്ര മാനവ വിഭവശേഷി വകുപ്പിന്റെ എഡ്യൂക്കേഷണൽ ഡെവലപ്മെന്റ് ഇൻഡക്സ് അനുസരിച്ച് എലിമെന്ററി വിദ്യാഭ്യാസ രംഗത്ത് കേരളം രണ്ടാം സ്ഥാനത്താണ്. ഹയർ സെക്കണ്ടറി തലത്തിൽ ഗവണ്മെന്റ് ചെലവാക്കുന്ന തുക വർദ്ധിപ്പിക്കാനും പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനും നടപടി സ്വീകരിക്കണം. ഹയർ സെക്കന്ററി രംഗത്ത് കേരളം ചെലവഴിക്കുന്നത് അഖിലേന്ത്യാ ശരാശരിയേക്കാൾ വളരെ കുറവാണ്. ഒല്ലൂർ നിയോജകമണ്ഡലത്തിലെ അച്യുതമേനോൻ ഗവൺമെന്റ് കോളേജിൽ പുതിയ സയൻസ് ബ്ലോക്ക് സ്ഥാപിക്കുന്നതിനും വിപുലീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും നടപടി സ്വീകരിക്കണം. ഗവണ്മെന്റ് സ്ക്കൂളുകളിൽ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും ഒഴിവുകൾ നികത്തണം. കേരള കലാമണ്ഡലത്തിലെ അദ്ധ്യാപകരുടെ പ്രശ്നങ്ങൾ പരിഹരിക്കണം.

<u>ശ്രീ. റോഷി അഗസ്റ്റിൻ:</u> ധനാഭ്യർത്ഥനയെ എതിർക്കുന്നു. വിദ്യാഭ്യാസരംഗത്തെ ലാഘവബുദ്ധിയോടെ കാണുന്ന ഒരു ഗവണ്മെന്റാണിത്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ധൃതിപിടിച്ച് പാസ്സാക്കിയ സ്വാശ്രയ നിയമം ഇന്ന് വ്യഥാവിലായിരിക്കുകയാണ്. ഉന്നതവിദ്യാഭ്യാസ രംഗത്തെ തകർക്കാനുള്ള നീക്കം ഗവൺമെന്റ് ഉപേക്ഷിക്കണം. സ്ക്കൂളുകളുടെ നടത്തിപ്പ് തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് കൈമാറുന്ന നടപടിയിൽ

നിന്ന് ഗവണ്മെന്റ് പിന്മാറണം. എസ്.എസ്.എൽ.സി. പരീക്ഷാ നടത്തിപ്പിലും ഫലപ്രഖ്യാപനത്തിലും വന്നിട്ടുള്ള അപാകതകൾ പരിഹരിക്കണം. തടഞ്ഞു വച്ചിട്ടുള്ള റിസൽട്ട് പ്രഖ്യാപിക്കണം. സർട്ടിഫിക്കറ്റുകളിൽ വന്നിട്ടുള്ള അച്ചടിപ്പിശക് എത്രയുംവേഗം തിരുത്തി നൽകണം. ബുദ്ധിമാന്ദ്യമുള്ള കുട്ടികൾ പഠിക്കുന്ന സ്ക്കൂളുകളിൽ ആവശ്യമായ അദ്ധ്യാപകരെ നിയമിക്കാനും ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം അർഹതപ്പെട്ട ഗ്രാന്റ് നൽകാനും നടപടി സ്വീകരിക്കണം. കായിക പരിശീലനരംഗത്തുള്ള അദ്ധ്യാപകരുടെ കുറവുകൾ പരിഹരിക്കണം. ഇടുക്കി ജില്ലയിൽ സ്ക്കൂളുകളില്ലാത്ത സ്ഥലങ്ങളിൽ പുതിയവ ആരംഭിക്കാനും പ്ളസ് ടൂവിന് പുതിയ കോഴ്സുകൾ തുടങ്ങാനും നടപടിയുണ്ടാകണം. പുതിയ സ്ക്കൂളുകൾ അനുവദിക്കുന്നതു സംബന്ധിച്ച നോംസിൽ മാറ്റം വരുത്തി മാങ്കുളം, വെൺമണി എന്നീ സ്ഥലങ്ങളിൽ ഹൈസ്ക്കൂളുകൾ അനുവദിക്കണം. ഇടുക്കി നിയോജകമണ്ഡലത്തിലെ രാജാക്കാട് ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്ക്കൂളിലെ ഇക്കണോമിക്സ് അധ്യാപകനെ സ്ഥലം മാറ്റിയതു സംബന്ധിച്ച് അന്വേഷിച്ച് കുറ്റക്കാർക്കെതിരെ നടപടിയെടുക്കുകയും സ്ഥലംമാറ്റ ഉത്തരവ് പിൻവലിക്കുകയും ചെയ്യണം.

<u>ശ്രീ. ജോസ് തെറ്റയിൽ</u>: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. വാർഷിക ബഡ്ജറ്റിലെ ഭൂരിഭാഗം തുകയും ചെലവഴിക്കുന്ന വിദ്യാഭ്യാസ രംഗത്തുള്ള സങ്കീർണ്ണമായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തേണ്ടതുണ്ട്. പുതിയ സ്ക്കൂളുകൾ അനുവദിക്കുന്ന കാര്യത്തിലും നിലവിലുള്ളവ അപ്ഗ്രേഡ് ചെയ്യുന്നതിലും ഈ ഗവണ്മെന്റ് സ്വീകരിച്ച നടപടികൾ സ്വാഗതാർഹമാണ്. എറണാകുളം ജില്ലയിൽ അങ്കമാലി നിയോജകമണ്ഡലത്തിലെ പാലിശ്ശേരി സ്ക്കൂൾ അപ്ഗ്രേഡ് ചെയ്യണം. സ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതു

സംബന്ധിച്ച നോംസ് പരിഷ്ക്കരിക്കണം. നായത്തോട് ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്ക്കൂളിലെ അധ്യാപകരുടെ കുറവ് പരിഹരിക്കണം. കലാ-സാംസ്ക്കാരിക രംഗത്ത് പുതിയ ചലനങ്ങൾ സൃഷ്ടിക്കാൻ ഈ ഗവണ്മെന്റിന് കഴിഞ്ഞിട്ടുണ്ട്. സംഗീത നാടക അക്കാഡമി, നാടൻ കലാ അക്കാഡമി, സാഹിത്യ അക്കാഡമി, ചലച്ചിത്ര അക്കാഡമി എന്നീ സ്ഥാപനങ്ങൾ ജനകീയമാക്കാനും കേരള കലാമണ്ഡലത്തെ കൽപ്പിത സർവ്വകലാശാലയാക്കാനുമുള്ള നടപടികൾ സ്വാഗതാർഹമാണ്. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, വൈലോപ്പിള്ളി സംസ്കൃതി ഭവൻ എന്നിവയുടെ പ്രവർത്തനങ്ങളിൽ ഈ ഗവണ്മെന്റിന് കാര്യമായ പങ്കുവഹിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് അഭിനന്ദനീയമാണ്. ചലച്ചിത്ര അക്കാഡമിയുടെ ആഭിമുഖ്യത്തിൽ പഞ്ചായത്തുകളുമായി സഹകരിച്ച് എല്ലാ പഞ്ചായത്തുകളിലും ഫിലിം സൊസൈറ്റി തുടങ്ങണം. കേരളത്തിലെ ജൂഡോ പരിശീലനകേന്ദ്രമായ അങ്കമാലി നിയോജകമണ്ഡലത്തിൽ ഒരു സ്പോർട്ട്സ് ഹോസ്റ്റൽ ആരംഭിക്കണം.

ശ്രീ. വി. സുരേന്ദ്രൻ പിള്ള: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. വിദ്യാഭ്യാസം, കല, സാംസ്ക്കാരിക രംഗത്ത് കഴിഞ്ഞ ഒരു വർഷം ഈ ഗവൺമെന്റ് നടത്തിയ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. വിദ്യാഭ്യാസ രംഗത്ത് മുൻ ഗവൺമെന്റ് നടത്തിയ പരിഷ്ക്കാരങ്ങളുടെ പോരായ്മകളെ ദൂരീകരിക്കാനുള്ള ശ്രമങ്ങളാണ് ഇപ്പോൾ നടക്കുന്നത്. ഉന്നത വിദ്യാഭ്യാസ രംഗത്ത് സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനുവേണ്ടി ഈ ഗവൺമെന്റ് നടത്തിയ ശ്രമങ്ങളുടെ ഫലമായി സ്വകാര്യ മാനേജുമെന്റുകൾ പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്തെ കോഷൻ ഡെപ്പോസിറ്റും വാർഷിക ഫീസും കുറയ്ക്കുന്നതിന് തയ്യാറായി. പൊതുവിദ്യാഭ്യാസ നിലവാരം

കാലോചിതമായി പരിഷ്ക്കരിക്കുകയും സംസ്ഥാനത്ത് കൂടുതൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂളുകൾ അനുവദിക്കുകയും ചെയ്യണം. അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ യോഗ്യരായ അധ്യാപകർ പഠിപ്പിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

ശ്രീ. വി. ശശികുമാർ: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. കഴിഞ്ഞ 5 വർഷം വിദ്യാഭ്യാസ കച്ചവടക്കാരുടെയും ദല്ലാളന്മാരുടെയും വിഹാര രംഗമായിരുന്ന വിദ്യാഭ്യാസ മേഖലയിൽ കഴിഞ്ഞ ഒരു വർഷത്തെ ഈ ഗവൺമെന്റിന്റെ നിശ്ചയദാർഢ്യത്തോടെയുള്ള പ്രവർത്തനത്തിന്റെ ഫലമായി നിയന്ത്രണവും ഉണർവ്വുമുണ്ടാക്കാൻ കഴിഞ്ഞു. കഴിഞ്ഞ എസ്.എസ്.എൽ. സി. പരീക്ഷയിൽ 82.8% റിസൾട്ടുണ്ടാക്കാൻ കഴിഞ്ഞത് കേരള ചരിത്ര ത്തിലെ ഒരു സർവ്വകാല റിക്കോർഡാണ്. പിന്നോക്കാവസ്ഥയിലായിരുന്ന 104 സർക്കാർ സ്കൂളുകളുടെ നിലവാരം പ്രത്യേക പരിശീലനം നൽകി ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്. 1-ാം ക്ലാസ് മുതൽ 4-ാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് മാതൃഭാഷാപഠനം നിർബന്ധിതമാക്കിയതും വിദ്യാഭ്യാസ മേഖല യുടെ പശ്ചാത്തല സൗകര്യം ഉറപ്പുവരുത്തുന്നതിനുവേണ്ടി പഞ്ചായത്ത്, എസ്.എസ്.എ., വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ പ്രവർത്തനം ഏകോപിപ്പിച്ചതും ഉച്ചഭക്ഷണം വിപുലീകരിച്ചതുമെല്ലാം വിദ്യാഭ്യാസ മേഖലയിൽ ശ്രദ്ധേയമായ മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. അനൗപചാരിക വിദ്യാഭ്യാസ മേഖലയും മെച്ചപ്പെട്ടിട്ടുണ്ട്. പ്ലസ് ടൂ മേഖലയിൽ ഗ്രേഡിംഗ് സമ്പ്രദായം വ്യാപിപ്പിച്ചതും എല്ലാ സർക്കാർ സ്കൂളുകളിലും പ്ലസ് ടൂ അനുവദിക്കാൻ തീരുമാനമെടുത്തതും അഭിനന്ദനാർഹമാണ്. ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ പ്രവർത്തനം കൂടുതൽ ഊർജ്ജിതപ്പെടു

ത്തണം. പെരിന്തൽമണ്ണ സർക്കാർ കോളേജിന്റെ ശോചനീയാവസ്ഥയ്ക്ക് പരിഹാരം കാണണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ പ്രൊഫഷണൽ വിദ്യാഭ്യാസ കച്ചവടത്തിന് അറുതിവരുത്തുന്നതിനായി ഒരു ബിൽ കൊണ്ടുവരികയും സ്വകാര്യ മാനേജുമെന്റുകളുമായി സഹകരിച്ച് 50% സീറ്റിൽ സർക്കാർ ഫീസ് നിലനിർത്തുകയും ചെയ്തത് സ്വാഗതാർഹമാണ്. സാംസ്ക്കാരിക രംഗത്ത് പത്രമാധ്യമങ്ങൾ ഉയർത്തുന്ന വെല്ലുവിളികൾക്കെതിരെ ഒരു സാംസ്ക്കാരിക അജണ്ട തയ്യാറാക്കുന്നതിന് സംസ്ഥാന സർക്കാർ തയ്യാറാകണം.

<u>ശ്രീ. തോമസ് ചാണ്ടി</u>: ധനാഭ്യർത്ഥനയെ എതിർക്കുന്നു. കുട്ടനാട് നിയോജകമണ്ഡലത്തിൽ സർക്കാർ മേഖലയിൽ ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ അനുവദിക്കണം. സ്വകാര്യ വിദ്യാഭ്യാസമേഖലയിൽ നിലനിൽക്കുന്ന വിദ്യാഭ്യാസ കച്ചവടം നിയന്ത്രിക്കണം. സ്വകാര്യ മേഖലയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളേയും ആശുപത്രികളേയും മൽസര ബുദ്ധിയോടുകൂടി പ്രവർത്തിക്കാൻ അനുവദിക്കുന്നത് സംസ്ഥാനത്തിന് ഗുണം ചെയ്യും. സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ 25 ശതമാനം സീറ്റ് മെറിറ്റടിസ്ഥാനത്തിൽ ബി.പി.എൽ. വിഭാഗത്തിനും 25 ശതമാനം പൊതു മെറിറ്റിന്റെ അടിസ്ഥാനത്തിലും ബാക്കി 50 ശതമാനം സീറ്റ് മാനേജുമെന്റിനും നൽകണം. മെഡിക്കൽ ടൂറിസത്തെ പ്രോൽസാഹിപ്പിക്കണം. സ്വകാര്യ പ്രൊഫഷണൽ കോളേജ് മാനേജുമെന്റുകളുമായി ചർച്ച നടത്തി എത്രയും വേഗം പ്രശ്നപരിഹാരം കണ്ടെത്തി വിദ്യാർത്ഥികൾ അന്യസംസ്ഥാനങ്ങളിൽ പോയി പഠിക്കുന്ന സാഹചര്യം ഒഴിവാക്കണം.

<u>ശ്രീ. പി.എം.എ. സലാം:</u> ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. കേരളത്തിലെ ഏറ്റവും പ്രശ്ന സങ്കീർണ്ണമായ മേഖലയാണ് വിദ്യാഭ്യാസ രംഗം. വ്യക്തമായ ദിശാബോധത്തോടുകൂടി സ്വാശ്രയ മാനേജുമെന്റുകളെ നിലയ്ക്കുനിർത്താൻവേണ്ടി കൊണ്ടുവന്ന സ്വാശ്രയ വിദ്യാഭ്യാസ ബിൽ ഏകകണ്ഠമായി സഭ പാസ്സാക്കിയെങ്കിലും കോടതിയുടെ ഇടപെടൽമൂലം ബില്ലിന്റെ ഉദ്ദേശലക്ഷ്യങ്ങൾ പ്രാവർത്തികമാക്കാൻ കഴിഞ്ഞില്ല. സ്വാശ്രയ പ്രൊഫഷണൽ മാനേജുമെന്റുകളുടെ ലാഭേച്ഛയോടെയുള്ള പ്രവർത്തനം നിയന്ത്രിക്കണം. പാവപ്പെട്ട വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള അവസരങ്ങൾ ഉണ്ടാകണം. മലബാർ മേഖലയിൽ എസ്.എസ്.എൽ.സി., പ്ലസ് ടു കഴിഞ്ഞ വിദ്യാർത്ഥികൾക്ക് തുടർപഠനത്തിനാവശ്യമായ പുതിയ കോഴ്സുകളും ബാച്ചുകളും അനുവദിക്കണം. കേന്ദ്രഗവൺമെന്റിന്റെ മാനവ വിഭവശേഷി മന്ത്രാലയം പഠന സമയമാറ്റം സംബന്ധിച്ച് നൽകിയ നിർദ്ദേശം മദ്രസകളിലെ മതപഠനത്തെ ബാധിക്കുമെന്നതിനാൽ അത് നിരാകരിക്കണം. കല, സംസ്ക്കാരം, കായികവിനോദം എന്നീ രംഗങ്ങളിൽ മികച്ച നേട്ടങ്ങൾ കൈവരിക്കാൻ കഴിയണം.

<u>ശ്രീ. കെ.ടി. ജലീൽ</u>: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. കഴിഞ്ഞ ഒരു വർഷത്തിനിടയിൽ വിദ്യാഭ്യാസ രംഗത്ത് അഭൂതപൂർവ്വമായ നേട്ടങ്ങളാണ് കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത്. കഴിഞ്ഞ കുറെ വർഷങ്ങളായി സ്വാശ്രയ പ്രൊഫഷണൽ മെഡിക്കൽ കോളേജുകളിൽ ഈടാക്കിയിരുന്ന വാർഷികഫീസ് 1,14,000 രൂപയിൽ നിന്ന് 20,000 രൂപവരെയായി കുറച്ചുകൊണ്ടുവരാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. അക്കാഡമിക് നിലവാരം ഉയർത്താനും എയിഡഡ് എൽ.പി., യു.പി. സ്കൂളുകളുടെ ഭൗതിക

സാഹചര്യങ്ങൾ മെച്ചപ്പെടുത്താനും ശ്രദ്ധ പതിപ്പിക്കണം. ഹയർ സെക്കന്ററി സ്കൂളുകളിലെ പ്രധാനാദ്ധ്യാപകർക്ക് പ്യൂണിന്റെയും ക്ലർക്കിന്റെയും സേവനം ലഭ്യമാക്കണം. പ്രീ-ഡിഗ്രിയുടെ നിലവാരത്തിലേയ്ക്ക് പ്ലസ്ടുവിനെ ഉയർത്തിക്കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിക്കണം. ഹയർ സെക്കന്ററി സ്കൂളുകളിൽ പെർമനന്റ് അദ്ധ്യാപകരെ നിയമിക്കണം. വി.എച്ച്. എസ്.എസ്.-ൽ സ്പെഷ്യൽ റൂൾസ് നടപ്പിലാക്കുകയും കോഴ്സുകൾക്ക് പി.എസ്.സി.യുടെ അംഗീകാരം നേടിയെടുക്കുകയും ചെയ്യണം. ഉന്നത വിദ്യാഭ്യാസ വകുപ്പിലെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തണം.. എയിഡഡ് കോളേജുകളിൽ വേണ്ടത്ര അദ്ധ്യാപകരെ നിയമിക്കുന്നതിനും റിട്ടയർമെന്റ് പോസ്റ്റുകൾ നികത്തുന്നതിനും നടപടികൾ സ്വീകരിക്കണം. 50 ശതമാനം മെറിറ്റെന്നുള്ള തത്വം സെൽഫ് ഫിനാൻസിംഗ് ആർട്ട്സ് ആന്റ് സയൻസ് കോളേജുകൾക്കുകൂടി ബാധകമാക്കുന്ന രൂപത്തിൽ ബിൽ കൊണ്ടുവരുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

<u>ശ്രീ. എം. പ്രകാശൻ മാസ്റ്റർ:</u> ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. കേരളത്തിലെ അൺ എയിഡഡ് വിദ്യാഭ്യാസ മേഖലകളിൽ വ്യാപകമായ രീതിയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചുകൊണ്ട് വിദ്യാഭ്യാസത്തെ ആദായകരമെന്നും അനാദായകരമെന്നു വേർതിരിച്ചതാണ് ഇന്നത്തെ ദു:സ്ഥിതിക്കു കാരണം. പ്രാദേശിക ഗവൺമെന്റുകൾക്ക് ഒരു കാരണവശാലും അധികാരം കൊടുക്കാൻ പാടില്ലെന്ന യു.ഡി.എഫ്.-ന്റെ അഭിപ്രായത്തോടു യോജിക്കാനാകില്ല. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി സ്വകാര്യ മാനേജുമെന്റുകളുമായി ചർച്ചചെയ്തുകൊണ്ട് സർക്കാർ നിശ്ചയിക്കുന്ന ഫീസ് ഘടനയിൽ പഠിക്കാൻ കുട്ടികൾക്ക്

അവസരം ലഭിച്ചത് ഈ ഗവൺമെന്റിന്റെ നേട്ടമാണ്. കേരളത്തിലെ കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭ്യമാക്കാനുള്ള സമവായം കണ്ടെത്തണം. കേരളത്തിൽ എൻ.സി.ഇ.ആർ.ടി ആണ് പാഠ്യപദ്ധതി പരിഷ്ക്കരണം ആവശ്യപ്പെട്ടത്. സ്കൂൾ സമയമാറ്റവുമായി ബന്ധപ്പെട്ട് മദ്രസ്സ പഠനം ഇല്ലാതാക്കാൻ പോകുകയാണെന്ന പ്രചരണം അടിസ്ഥാനരഹിതമാണ്. സംസ്ഥാനത്ത് അൺ എയിഡഡ് സ്ഥാപനങ്ങൾ കൂടുതലും അനുവദിച്ചത് യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്താണ്. ഇത്തവണത്തെ എസ്.എസ്.എൽ.സി പരീക്ഷയുടെ ഉന്നത വിജയത്തിന് പഞ്ചായത്തുകൾ വഹിച്ച പങ്ക് നിർണ്ണായകമാണ്. ശാസ്ത്രീയമായ സർവ്വേ നടത്തിയതിനുശേഷം മാത്രമേ പുതിയ സ്കൂളുകൾ അനുവദിക്കുകയുള്ളുവെന്ന തീരുമാനം ശ്ലാഘനീയമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ലോട്ടറിയിൽ നിന്ന് കിട്ടിക്കൊണ്ടിരുന്നതിന്റെ ഇരട്ടി വരുമാനമാണ് ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്നത്. ലിസ്, ജ്യോതിസ് എന്നിവയുടെ കാര്യത്തിൽ ഈ ഗവൺമെന്റ് ശക്തമായ നിലപാട് സ്വീകരിച്ചു.

<u>ശ്രീ. എ.പി. അനിൽ കുമാർ</u>: ധനാഭ്യർത്ഥനയെ എതിർക്കുന്നു. ഒരു വർഷക്കാലമായി വിദ്യാഭ്യാസ രംഗത്ത് അവ്യക്തതയും അനിശ്ചിതാവസ്ഥയുമാണ് നിലനിൽക്കുന്നത്. ഈ രംഗത്ത് വ്യക്തമായ നിലപാടെടുക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. സ്വാശ്രയ വിദ്യാഭ്യാസ മേഖലയിലെ ഗവൺമെന്റ് സീറ്റ്, ഫീസ് ഘടന എന്നിവ സംബന്ധിച്ച് അവ്യക്തത നിലനിൽക്കുകയാണ്. യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് 50 ശതമാനം ഗവൺമെന്റ് സീറ്റ് നിലനിർത്താൻ കഴിഞ്ഞെങ്കിൽ ഇന്ന് നൂറ്

ശതമാനവും മാനേജുമെന്റ് സീറ്റായി മാറുന്ന സ്ഥിതിവിശേഷമാണുള്ളത്. വിദ്യാഭ്യാസ രംഗത്ത് ത്രിതല പഞ്ചായത്തുകൾക്ക് നൽകുന്ന അധികാരങ്ങളെക്കുറിച്ച് വ്യക്തമായ നിലപാടുണ്ടാകണം. പൊതുവിദ്യാഭ്യാസത്തെ തകർക്കുന്ന നയമാണ് ഗവണ്മെന്റ് സ്വീകരിച്ചുവരുന്നത്.. യൂണിവേഴ്സിറ്റികളെയെല്ലാം പൂർണ്ണമായി രാഷ്ട്രീയവൽക്കരിക്കാനുള്ള ശ്രമമാണ് നടക്കുന്നത്. . ബാലസാഹിത്യത്തെ പ്രോൽസാഹിപ്പിക്കാൻ തിരുവിതാംകൂർ രാജകുടുംബം ഏർപ്പെടുത്തിയ ശ്രീപത്മനാഭസ്വാമി പുരസ്ക്കാരം ഈ ഗവൺമെന്റ് നിർത്തലാക്കിയത് മതേതരത്വത്തിനു വേണ്ടിയാണെന്നു പറയുന്നത് ഉപരിവിപ്ലവമാണ്.

<u>ശ്രീ. വി. ചെന്താമരാക്ഷൻ</u>: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് വിദ്യാഭ്യാസ രംഗത്ത് ഒട്ടേറെ കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള കോമൺ മിനിമം പരിപാടിയിൽ എല്ലാപേർക്കും ഉന്നത വിദ്യാഭ്യാസം കൊടുക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ ആറിനും പത്ത് വയസ്സിനുമിടയിലുള്ള എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസം കൊടുക്കാൻ സാധിക്കുന്നില്ല. കേന്ദ്ര ബഡ്ജറ്റിൽ 4.5 ശതമാനം തുകപോലും വിദ്യാഭ്യാസത്തിനുവേണ്ടി നീക്കിവയ്ക്കുന്നില്ല. യു.ഡി.എഫ്. ഭരണകാലത്ത് വിദ്യാഭ്യാസ രംഗത്ത് പുരോഗതി ഉണ്ടായിട്ടില്ല. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്നതിന് വിവിധ വകുപ്പുകൾ ഏകോ പിപ്പിച്ച് പാഠ്യപ ദ്ധതി പരിഷ്ക്കരിച്ചു. 104 സ്കൂളുകളെ പ്രത്യേക സംരക്ഷണ പദ്ധതിയിലുൾപ്പെടുത്തിയതുവഴി ഈ വർഷം എസ്.എസ്.എൽ.സി. വിജയ

ശതമാനത്തിൽ വമ്പിച്ച പുരോഗതികൈവരിക്കാൻ സാധിച്ചുവെന്നത് ശ്രദ്ധേയ മാണ്. വിദ്യാഭ്യാസ രംഗത്ത് ഇ-ലേണിംഗ് സ്കീം നടപ്പിലാക്കാൻ പോവുക യാണ്. കമ്പ്യൂട്ടർ, നാനോ ടെക്നോളജി എന്നീ മേഖലകളിൽ പുരോഗതി കൈവരിക്കാൻ കഴിഞ്ഞു. കേരളത്തിൽ കമ്പ്യൂട്ടർ വിദ്യാഭ്യാസം വ്യാപക മായി നടപ്പിലാക്കാൻ സാധിക്കണം. 4-ാം ക്ലാസ്സുവരെ മലയാളം നിർബ ന്ധമാക്കാൻ തീരുമാനിച്ചത് ശ്ലാഘനീയമാണ്. 10-ാം ക്ലാസ്സുവരെ മല യാളം നിർബന്ധമായും പാഠ്യവിഷയമാക്കാൻ നടപടി സ്വീകരിക്കണം. വിദ്യാഭ്യാസ മേഖലയിലെ 50 വർഷത്തെ അനുഭവങ്ങൾ സമഗ്രമായി വിലയി രുത്താൻ ശ്രീ. സി.പി. നായർ ചെയർമാനായ സമിതിയും ശ്രീ. എം. ആർ. രാഘവ വാര്യരുടെ നേതൃത്വത്തിൽ വിദ്യാഭ്യാസ ഉപദേശക സമിതിയും ന്യൂനപക്ഷ സ്ഥാപനങ്ങളെക്കുറിച്ച് പഠിക്കാൻ ശ്രീ. എൻ.എ. കരീം ചെയർമാനായ കമ്മിറ്റിയും പുതിയ വിദ്യാലയങ്ങൾ അപ്ഗ്രേഡ് ചെയ്യുന്ന തിന് വിദ്യാഭ്യാസ സെക്രട്ടറിയുടെ നേതൃത്വത്തിൽ മറ്റൊരു സമിതിയും രൂപീകരിച്ചിട്ടുണ്ട്. ഈ മേഖലയിൽ ലോകത്തിനുതന്നെ മാതൃകയാകുന്ന നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഉന്നത വിദ്യാ ഭ്യാസ മേഖലയിലെ വിവിധ പ്രശ്നങ്ങളെക്കുറിച്ച് സ്വകാര്യ സ്വാശ്രയ മാനേജ്മെന്റുമായി ഈ ഗവൺമെന്റ് ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. എൽ.ഡി.എഫ്. കൊണ്ടുവന്ന സ്വാശ്രയ നിയമം കോടതി ഇടപെടൽ കാരണം യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞിട്ടില്ല. സ്വാശ്രയ വിദ്യാഭ്യാസ രംഗത്തെ ഫീസ് ഘടനയുടെ കാര്യത്തിൽ ഉചിതമായ തീരുമാനമെടുക്കാനു ള്ള ശ്രമം ഗവൺമെന്റ് തുടർന്നുവരികയാണ്. കൊല്ലങ്കോട് നിയോജകമ ണ്ഡലത്തിൽ ഉന്നത വിദ്യാഭ്യാസത്തിനാവശ്യമായ സ്ഥാപനങ്ങൾ അനുവദി

ക്കണം. കേരളത്തെ സാംസ്ക്കാരിക പുരോഗതിയിലേയ്ക്ക് നയിക്കാൻ സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. സംഗീത-നാടക-സാഹിത്യ-ചല ച്ചിത്ര അക്കാഡമികളുടെ പ്രവർത്തനം സജീവമാക്കാനും കേരള കലാമ ണ്ഡലം കൽപ്പിത സർവ്വകലാശാലയായി ഉയർത്താനും ഈ ഗവൺമെന്റിന് കഴിഞ്ഞു. സ്കൂൾ, കോളേജ് തലങ്ങളിൽ കായിക പ്രതിഭകളെ കണ്ടെത്തി പ്രോൽസാഹിപ്പിക്കണം.

ശ്രീ. കെ. അജിത്: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. ഈ സർക്കാർ വിദ്യാഭ്യാസമൂല്യം വർദ്ധിപ്പിക്കുന്നതിന് ഇച്ഛാശക്തിയോടെ പ്രവർത്തിച്ചിട്ടുണ്ട്. പ്രാഥമിക-ഉന്നത വിദ്യാഭ്യാസ മേഖലകളിൽ സാർവ്വത്രിക നീതി നടപ്പാക്കാൻ എൽ.ഡി.എഫ്. സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 104 സ്കൂളുകളെ പ്രത്യേക സംരക്ഷണ പദ്ധതിയിൽപ്പെടുത്തിയതിന്റെ ഫലമായി പല സ്കൂളുകളിലും എസ്.എസ്.എൽ.സി. വിജയശതമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞു. വിദ്യാഭ്യാസ മേഖലയിൽ പുരോഗതി കൈവരിക്കാനുതകുംവിധം അദ്ധ്യാപ കരും ജനപ്രതിനിധികളും രക്ഷകർത്താക്കളും അടങ്ങുന്ന സംഗമങ്ങൾ സംഘടിപ്പിച്ചു. എല്ലാ പഞ്ചായത്തുകളിലും ഓരോ ഹൈസ്ക്കൂൾ തുടങ്ങു മെന്ന സർക്കാരിന്റെ പ്രഖ്യാപനം സ്വാഗതാർഹമാണ്. സ്കൂളുകളിലെ സൗജന്യ ഉച്ചക്കഞ്ഞി വിതരണം ഈ വർഷം മുതൽ 10-ാം ക്ലാസ്സ് വരെ വ്യാപിപ്പിക്കുമെന്നതും നാലാം ക്ളാസ്സുവരെ മലയാളം നിർബന്ധ പാഠ്യ വിഷയമാക്കുമെന്നതും വിദ്യാഭ്യാസ മേഖലയിലെ എടുത്തുപറയത്തക്ക നേട്ടങ്ങളാണ്. വിദ്യാഭ്യാസ-വനം വകുപ്പുകൾ ഏകോപിപ്പിച്ച് 25 ലക്ഷത്തില ധികം വരുന്ന കുട്ടികളെ സംഘടിപ്പിച്ച് എന്റെ മരം പദ്ധതി നടപ്പിലാക്കിയത്

ലോകത്തിന് തന്നെ മാതൃകയാണ്. പ്രീ-പ്രൈമറി വിദ്യാഭ്യാസ മേഖലയിൽ പി. ടി. എ. കമ്മിറ്റി നൽകുന്ന തുച്ഛമായ വേതനത്തിന് ജോലി ചെയ്യുന്ന അദ്ധ്യാപകരുടെ വേതനം വർദ്ധിപ്പിക്കാനാവശ്യമായ നടപടി ഉണ്ടാകണം. വൈക്കം മണ്ഡലത്തിൽ സഖാവ് പി. കൃഷ്ണപിള്ളയുടെ നാമധേയത്തിൽ ഒരു ഉന്നത വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കണം. ഹയർ സെക്കൻഡറി സ്കൂളുകളിൽ കൂടുതൽ കോഴ്സുകൾ അനുവദിക്കാനും സർക്കാർ അൺ-എയ്ഡഡ് സ്കൂളുകളിൽ നിലവിലുള്ള ജീവനക്കാരെ റെഗുലറൈസ് ചെയ്യാനും ആവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. വി. എൻ. വാസവൻ</u>: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. 1957-ലെ ഗവൺമെന്റ് തുടങ്ങിവച്ച വിദ്യാഭ്യാസ പരിഷ്ക്കാരങ്ങൾ യു.ഡി. എഫ്. സർക്കാരിന്റെ കാലത്ത് തകർത്തെങ്കിലും അത് വീണ്ടെടുക്കാനുള്ള പരിശ്രമത്തിൽ സർക്കാർ വിജയിച്ചിരിക്കുകയാണ്. വിദ്യാഭ്യാസ രംഗത്ത് അഭിമാനകരമായ വളർച്ച നേടാനും യു.ഡി.എഫ്. സർക്കാർ പൂട്ടിയ 2500 -ൽപ്പരം സ്കൂളുകൾ തുറന്ന് പ്രവർത്തിപ്പിക്കാനും സ്വീകരിച്ച നടപടികൾ അഭിനന്ദനാർഹമാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് എസ്.എസ്.എ. പദ്ധതി സൗജന്യവും സാർവ്വത്രികവുമായി നടപ്പാക്കാൻ സർക്കാരിന് സാധിച്ചു. എൻ.സി. ഇ. ആർ.ടി.യുടെ ശുപാർശ പ്രകാരം പാഠ്യ പദ്ധതി പരിഷ്ക്കരിക്കാൻ നടപടി സ്വീകരിച്ചു. എസ്. സി. ഇ. ആർ. ടി. പോലുള്ള സ്ഥാപനങ്ങളിൽ വിദ്യാഭ്യാസ വിചക്ഷണൻമാരെ ഉൾപ്പെടുത്തി പുനഃസംഘടിപ്പിക്കാനും പ്രവർത്തനം കാര്യക്ഷമമാക്കാനും നടപടികൾ സ്വീകരിച്ചുവരുന്നുവെന്നത് സ്വാഗതാർഹമാണ്. വിദ്യാഭ്യാസ രംഗത്ത് ഗുണ പരമായ മാറ്റങ്ങളുണ്ടാക്കാനും വിദ്യാഭ്യാസം സാർവ്വത്രികവും സൗജന്യവു

മാക്കി മാറ്റാനും ഈ രംഗത്ത് സമാധാനത്തിന്റെയും ഐക്യത്തിന്റെയും സാഹചര്യം സൃഷ്ടിക്കാനും സർക്കാരിന്റെ പുതിയ നയങ്ങളുടെ ഫലമായി കഴിഞ്ഞു. സാങ്കേതിക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഒരു പുതിയ സർവ്വകലാശാല സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കണം. വിദ്യാർത്ഥികളും അദ്ധ്യാപകരും രക്ഷകർത്താക്കളും ചേർന്ന് ഒരു കരിയർ ഗൈഡൻസ് പ്രോഗ്രാം എസ്.എസ്.എൽ.സി. തലംവരെ നടപ്പാക്കണം. വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് ഇന്ന് യൂണിവേഴ്സിറ്റി തലങ്ങളിൽ നിലനിൽക്കുന്ന പ്രശ്നങ്ങളിൻമേൽ സർക്കാർ അന്വേഷണം നടത്തണം. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കണം. കേരളത്തിന്റെ തനതായ സംസ്ക്കാരം വളർത്തിക്കൊണ്ടുവരാൻ സാംസ്ക്കാരിക വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. നാടൻ കലകളെയും മറ്റും പ്രോൽസാഹിപ്പിക്കണം. സാംസ്ക്കാരിക രംഗത്ത് പൊൻകുന്നം വർക്കി നൽകിയ സംഭാവനകളെ മാനിച്ചുകൊണ്ട് അദ്ദേഹത്തിന് ഒരു സ്മാരക സമുച്ചയമുണ്ടാക്കണം. കായികരംഗത്ത് പുതിയ താരങ്ങളെ വളർത്തിയെടുക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഏഷ്യാഡ് സ്പോർട്ട്സ് താരമായ ചിത്ര കെ. സോമന് കേരളത്തിൽ ജോലി നൽകണം. സ്പോർട്ട്സ് കൗൺസിലിൽ ബാസ്ക്കറ്റ് ബോൾ കോച്ചായി പ്രവർത്തിക്കുന്ന ഡിമൽണ്ട് സി. മാത്യുവിനെ സ്ഥിരപ്പെടുത്തണം. കോട്ടയത്തെ ഇന്റോർ സ്റ്റേഡിയത്തിന്റെ പണി പൂർത്തീകരിക്കുകയും എഡ്യുക്കേഷണൽ കോംപ്ളക്സ് സ്ഥാപിക്കുകയും വേണം.

<u>ശ്രീ. ജി. കാർത്തികേയൻ:</u> ധനാഭ്യർത്ഥനയെ എതിർക്കുന്നു. വിദ്യാഭ്യാസ മേഖലയിലെ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങൾ തികച്ചും പരാജയമാണ്. വിദ്യാഭ്യാസ മേഖലയിലെ ഗുണപരമായ മാറ്റത്തിന്റെ

മാനദണ്ഡം എന്നുപറയുന്നത് എസ്.എസ്.എൽ.സി. പരീക്ഷാ ഫലത്തിന്റെ വിജയശതമാനം മാത്രമല്ല. വിദ്യാർത്ഥി സമൂഹത്തെ മുന്നിൽ കണ്ടുകൊണ്ടുവേണം വിദ്യാഭ്യാസ മേഖലയിൽ മാറ്റങ്ങൾ കൊണ്ടുവരാൻ. അക്കാഡമിക് കാര്യങ്ങൾ നോക്കേണ്ട അദ്ധ്യാപകർ ചോദ്യപ്പേപ്പർ പ്രിന്റിംഗും ബിസിനസ്സുമായി നടക്കുമ്പോൾ പഞ്ചായത്തുകൾ അക്കാഡമിക് കാര്യങ്ങളെ നിയന്ത്രിക്കുന്ന വിധത്തിലുള്ള വികലമായ നയങ്ങളാണ് സ്വീകരിക്കുന്നത്. സർക്കാർ സ്കൂളുകളിലെ അദ്ധ്യാപകർ ജോലി നിർവ്വഹണത്തിൽ കൃത്യത പാലിക്കണം. ഉന്നത വിദ്യാഭ്യാസ കൗൺസിൽ കൊണ്ടുവന്ന് യൂണിവേഴ്സിറ്റികളെ രാഷ്ട്രീയവൽക്കരിച്ചുകൊണ്ടിരിക്കുന്നതിലൂടെ യൂണിവേഴ്സിറ്റികളുടെ സ്വതന്ത്രമായ പ്രവർത്തനവും അക്കാഡമിക് താൽപ്പര്യങ്ങളുമാണ് ഹനിക്കപ്പെടുന്നത്. യോഗ്യതയില്ലാത്ത ഗസ്റ്റ് ലക്ചറർമാർ വിദ്യാർത്ഥികളെ പഠിപ്പിക്കുമ്പോൾ യോഗ്യതയുള്ള സ്ഥിരം അദ്ധ്യാപകർ പരീക്ഷാപ്പേപ്പർ നോക്കുന്നതിന് നിയോഗിക്കപ്പെടുന്നു. സർക്കാർ സമ്മതപത്രം നൽകാത്തതിന്റെ പേരിൽ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജി 'കുസാറ്റ്'-ന് നഷ്ടമായി. മാഫിയ സ്വഭാവം കൈവന്നതിലൂടെ സാംസ്ക്കാരിക രംഗമാകെ ജീർണ്ണിച്ചുകൊണ്ടിരിക്കുകയാണ്.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): കേരളത്തിൽ കായികരംഗത്ത് കഴിഞ്ഞ അമ്പത് വർഷക്കാലമായി അവഗണന മാത്രമാണ് ദൃശ്യമാകുന്നത്. ഒരു തലമുറയുടെ മാനസികവും ആരോഗ്യപരവുമായ വളർച്ചയ്ക്കായി ഒരു സമഗ്ര കായിക നയം ആവിഷ്ക്കരിക്കേണ്ടി

യിരിക്കുന്നു. കേരളത്തെ ഗോഡ്സ് ഓൺ കൺട്രി എന്നുപറയുന്നതുപോലെ സ്പോർട്ട്സ് ഓൺ കൺട്രി എന്നാക്കി മാറ്റാൻ കഴിയണം. സ്പോർട്ട്സിൽ കായികക്ഷമത നേടാനായി ഒരു പുതിയ കേരളാ മോഡൽ ഉയർത്തിക്കൊണ്ടുവരണം. സ്പോർട്ട്സിനെ പൊതു വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കി മാറ്റാനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. മൂന്ന് വർഷംകൊണ്ട് സ്പോർട്ട്സിനെ സിലബസിന്റെ ഭാഗമാക്കുന്നതാണ്. പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് പോകുന്ന കുട്ടികൾക്ക് സ്പോർട്ട്സ് ക്വാട്ടയിൽ അഡ്മിഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. സ്വകാര്യ സ്വാശ്രയ വിദ്യാഭ്യാസ മേഖലകളുൾപ്പെടെയുള്ള എല്ലാ മേഖലകളിലും സ്പോർട്ട്സിന് പരിഗണന നൽകുന്ന കാര്യം വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായി ആലോചിച്ച് തീരുമാനിക്കുന്നതാണ്. സ്പോർട്ട്സിന്റെ കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിനുള്ള അധികാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകാൻ തീരുമാനിക്കുകയും അതിന്റെ ഭാഗമായി പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അടിസ്ഥാനത്തിൽ സ്പോർട്ട്സ് കൗൺസിലുകൾ ജൂലായ് മാസംതന്നെ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ വർഷംമുതൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിന്റെ പതിനഞ്ച് ശതമാനം സ്പോർട്ട്സിന്വേണ്ടി വിനിയോഗിക്കാനുള്ള ഉത്തരവ് ഇറക്കിയിട്ടുണ്ട്. വള്ളംകളിയെ സ്പോർട്ട്സ് ഇനത്തിൽ ഉൾപ്പെടുത്തുന്ന കാര്യത്തിൽ എത്രയുംവേഗം തീരുമാനമെടുക്കും. നിറുത്തലാക്കിയിരുന്ന ഓപ്പറേഷൻ ഒളിമ്പിയ പദ്ധതി മൂന്ന് വർഷംകൊണ്ട് നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കും. സ്പോർട്ട്സിനെ ദേശീയ അന്തർദ്ദേശീയ തലങ്ങളിലേയ്ക്ക്

ഉയർത്തുകയെന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് 2009-ലെ ഏഷ്യൻ ഗെയിംസ് നടത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾക്കായി സംസ്ഥാന ഗവൺമെന്റും കേന്ദ്ര ഗവൺമെന്റുംകൂടി യോജിച്ചുകൊണ്ട് ഒരു ബൃഹത്തായ പദ്ധതിക്ക് രൂപം നൽകുന്നതാണ്. 2012-ലെ ഒളിമ്പിക്സിൽ ഒരു സ്വർണ്ണ മെഡലെങ്കിലും നേടുന്നതിന് ആവശ്യമായ പരിശീലനം നൽകുന്നതാണ്. കഴിഞ്ഞ പത്ത് വർഷമായി പോലീസ് വകുപ്പിൽ നടത്താതിരുന്ന സ്പോർട്ട്സ് ക്വാട്ടാ നിയമനങ്ങൾ ഈ വർഷം മുതൽ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 3 വർഷംകൊണ്ട് 60 പേരെ നിയമിക്കാനുള്ള നടപടികൾ സ്വീകരിക്കും. നിലവിലുള്ള സ്പോർട്ട്സ് ക്വാട്ട വർദ്ധിപ്പിക്കുന്നതിന് നടപടികളെടുക്കും. പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്പോർട്ട്സ് ക്വാട്ടയിലെ നിയമനം തിരിച്ചുകൊണ്ടുവരുന്നതാണ്. സ്പോർട്ട്സ് ലോട്ടറി വഴി 30 കോടി രൂപ സമാഹരിക്കാൻ കഴിഞ്ഞു. സ്പോർട്ട്സ് ലോട്ടറി പുനരാരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഇത്തരത്തിലുള്ള വിഭവ സമാഹരണംവഴി ലഭിക്കുന്ന തുക വിനിയോഗിച്ച് പഞ്ചായത്ത്-ജില്ലാ കേന്ദ്രങ്ങളിൽ സ്പോർട്ട്സ് കോംപ്ളക്സുകൾ സ്ഥാപിക്കും. ചടയമംഗലത്ത് വനിതാ സ്പോർട്ട്സ് അക്കാഡമിയും മഞ്ചേരിയിൽ ഫുട്ബാൾ അക്കാഡമിയും സ്ഥാപിക്കുന്നതാണ്. ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം ഈ സാമ്പത്തിക വർഷം പൂർത്തിയാക്കും. നിർജ്ജീവമായിരുന്ന യുവജനക്ഷേമ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേരളാ യൂത്ത് ഫോറം സംഘടിപ്പിക്കാൻ സാധിച്ചു. യുവജനക്ഷേമ ബോർഡ് അഞ്ഞൂറോളം യുവാക്കൾക്ക് തൊഴിൽ പരിശീലനം കൊടുക്കുന്നതിന് യുവശക്തി എന്ന

പേരിൽ സെൽഫ് എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകൾ പഞ്ചായത്തടിസ്ഥാനത്തിൽ രൂപീകരിക്കും. പ്രകൃതി ദുരന്തംമൂലമുണ്ടാകുന്ന ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഉറപ്പുവരുത്താനായി യുവകർമ്മസേന പഞ്ചായത്ത്-ജില്ലാടിസ്ഥാനത്തിൽ രൂപീകരിക്കും. അനാഥ കുട്ടികളുടെ സംരക്ഷണത്തിനായി ഒരു പദ്ധതി ജില്ലാടിസ്ഥാനത്തിൽ നടപ്പിലാക്കും. ജില്ലാടിസ്ഥാനത്തിൽ വിവരങ്ങൾ കൊടുക്കാനായി ജില്ലാ ഇൻഫർമേഷൻ സെന്ററെന്ന നിലയിൽ ജാലകം പദ്ധതിക്ക് രൂപം നൽകി. പഞ്ചായത്തുകളിൽ ആരംഭിച്ച കേരളോത്സവം പദ്ധതി 2007-ലും നടത്താനുള്ള തീരുമാനം എടുത്തിട്ടുണ്ട്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : ധനാഭ്യർത്ഥന സംബന്ധിച്ചുള്ള ചർച്ചകളിൽ ഗവൺമെന്റിന്റെ ഭാവികാല പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്ന ക്രിയാത്മകമായ നിർദ്ദേശങ്ങളാണ് വന്നിട്ടുള്ളത്. വിദ്യാഭ്യാസ-സാംസ്ക്കാരിക മേഖലകളുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെട്ടതാക്കാനുള്ള പരിശ്രമം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നതാണ്. കേരളത്തിന്റെ വിദ്യാഭ്യാസ രംഗത്തെ മികവ് ലോകംതന്നെ അംഗീകരിച്ചിട്ടുള്ളതാണ്. ലോക സാമ്പത്തിക രംഗത്തെ പ്രവർത്തനങ്ങളിൽ വിദ്യാഭ്യാസത്തിനുള്ള പങ്കിൽ വലിയ മാറ്റം വന്നിരിക്കുന്നു. വിദ്യാഭ്യാസരംഗത്തുള്ള വെല്ലുവിളിയിൽ ഗവൺമെന്റിന് ഇടപെടാനുള്ള ശേഷി പരിമിതപ്പെടുത്തുന്ന സാഹചര്യത്തെ ഏത് വിധത്തിൽ നേരിടണമെന്നുള്ളതിനെക്കുറിച്ച് ആലോചിക്കേണ്ടിയിരിക്കുന്നു. സ്വകാര്യ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് വ്യക്തമായ

വ്യവസ്ഥകളുണ്ടാകണം. സ്വകാര്യ മെഡിക്കൽ കോളേജുകളിലെ അമ്പത് ശതമാനം സീറ്റുകളിൽ ഗവൺമെന്റ് ഫീസിൽ പ്രവേശനം നൽകിയത് ഈ ഗവണ്മെന്റിന്റെ കാലത്താണ്. 2003 ജൂൺ 25-ന് ചേർന്ന മന്ത്രിസഭാ യോഗം മെഡിക്കൽ മേഖലയിൽ മെറിറ്റ് സീറ്റിൽ 1,76,000 രൂപ ഫീസ് ഈടാക്കണമെന്ന് തീരുമാനിച്ചിരുന്നു. ഗവൺമെന്റ് സീറ്റും മാനേജുമെന്റ് സീറ്റും 50: 50 എന്ന അനുപാതത്തിൽ ആ സമയത്തും തുടർന്നിരുന്നെങ്കിലും അന്ന് മന്ത്രിസഭാ യോഗം ചേർന്ന് ഉയർന്ന ഫീസ് തീരുമാനിക്കുകയാണ് ചെയ്തത്. ഈ ഗവൺമെന്റ് വന്നതിനുശേഷം മാനേജുമെന്റ് സീറ്റുകളിലെ വിദ്യാർത്ഥി പ്രവേശനവും ഫീസ് ഘടനയും നിശ്ചയിക്കാൻ മാനേജുമെന്റിന് അധികാരം കൊടുത്തുകൊണ്ട് കോടതി വിധിയുണ്ടായെങ്കിലും ഫീസ് ഘടനയിൽ പിശക് ഉണ്ടെങ്കിൽ ജസ്റ്റിസ് മുഹമ്മദ് കമ്മിറ്റിക്ക് ഇടപെടാമെന്ന് ഹൈക്കോടതി വ്യക്തമാക്കിയിട്ടുണ്ട്. ആ വിധി ഉണ്ടായിട്ടും ഗവൺമെന്റ് സർവ്വകക്ഷി യോഗം വിളിച്ച് ചർച്ച ചെയ്തിട്ടാണ് 50:50 എന്ന രീതിയിൽ പ്രവേശനം നടത്താമെന്ന നിലപാട് സ്വീകരിച്ചത്. എല്ലാ സീറ്റിലും അവരുടെ ഇഷ്ടംപോലെ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുമെന്ന് വാശിപിടിച്ചിരുന്ന സ്വകാര്യ മാനേജുമെന്റുകൾ സാമൂഹ്യ നീതിയെക്കുറിച്ചുള്ള ഗവൺമെന്റിന്റെ കാഴ്ചപ്പാടുമൂലമാണ് ആ നിലപാടിൽനിന്നും മാറിയത്. ചർച്ചയിലൂടെ യോജിക്കാൻ തയ്യാറാകാത്ത ചില സ്വാശ്രയ മാനേജുമെന്റുകളിലും ഇപ്പോൾ ആ മാറ്റങ്ങൾ കണ്ടുതുടങ്ങിയിട്ടുണ്ട്. രക്ഷകർത്താക്കളോടും വിദ്യാർത്ഥികളോടും ഈ ഗവൺമെന്റ് നിശ്ചയദാർഢ്യത്തോടുകൂടിയാണ് പ്രവർത്തിച്ചത്. പൊതു വിദ്യാഭ്യാസത്തിനാണ് ഈ ഗവൺമെന്റ് കൂടുതൽ പ്രാധാന്യം നൽകിയത്. ഒരു പ്രത്യേക പദ്ധതി തയ്യാറാക്കി നടപ്പാക്കിയതിന്റെ

ഫലമായിട്ടാണ് ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയുടെ വിജയശതമാനം വർദ്ധിച്ചത്. ഇക്കാര്യത്തിൽ അദ്ധ്യാപകരാണ് ഏറ്റവും വലിയ പങ്ക് വഹിച്ചത്. ഈ പദ്ധതി വിജയ ശതമാനം കുറഞ്ഞ എല്ലാ സ്കൂളുകളിലേയ്ക്കും വ്യാപിപ്പിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം വിദ്യാഭ്യാസ മേഖലയിൽ ത്രിതല പഞ്ചായത്തുകൾക്ക് കൂടുതലായി യാതൊരു അധികാരവും നൽകിയിട്ടില്ല. സൂക്ഷ്മമായ പഠനത്തിലൂടെ വിദ്യാഭ്യാസ നിലവാരം മോശമായ 104 സ്കൂളുകളെ കണ്ടെത്തി പരിശോധിച്ചപ്പോൾ ഉച്ചഭക്ഷണം പോലുമില്ലാത്ത ദരിദ്ര്യ കുടുംബങ്ങളിലെ കുട്ടികളാണ് പിന്നോക്കം പോകുന്നതെന്ന് മനസ്സിലായി. അതിനെത്തുടർന്ന് ആ സ്കൂളുകളിൽ ഉച്ചഭക്ഷണം കൊടുക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിച്ചു. അദ്ധ്യാപക-രക്ഷാകർതൃ സമിതികളേയും തദ്ദേശഭരണ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ട് സ്കൂൾ പ്രവർത്തനം മെച്ചപ്പെടുത്തണമെന്ന് തീരുമാനിച്ചു. സ്കൂളുകളിൽ പഞ്ചായത്തുകളുമായി ബന്ധപ്പെട്ട് പുതിയ ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. പാവപ്പെട്ട വിദ്യാർത്ഥികളിൽനിന്നും അമിതമായ ഫീസ് ഈടാക്കുന്നുവെന്നും മറ്റുമുള്ള പരാതിയുടെ അടിസ്ഥാനത്തിൽ അദ്ധ്യാപക രക്ഷാകർതൃ സമിതികൾക്ക് ഫണ്ട് കണ്ടെത്തുന്നതിന് പരിപൂർണ്ണമായ അധികാരം ഉണ്ടായിരിക്കും. അവർ പിരിക്കേണ്ട ഫണ്ട് എത്രയാണെന്ന് വ്യക്തമായി നിർണ്ണയിച്ച് സർക്കുലർ ഇറക്കിയിട്ടുണ്ട്. അദ്ധ്യാപക രക്ഷാകർതൃ സമിതിയിൽ അംഗങ്ങളാകുന്നതിന് ചില മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. നിശ്ചിത തുകയിലധികം ഫണ്ട് പിരിക്കാൻ പാടില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. വനം വകുപ്പും വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട് നടത്തുന്ന 'എന്റെ

മരം' പദ്ധതി അഭിമാനകരമാണ്. പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കാണ് 'എന്റെ മരം' പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയ ഡയറിയിൽ ഊന്നൽ നൽകിയിരിക്കുന്നത്. സ്ക്കൂൾ പഠനസമയം മാറ്റുന്നത് സംബന്ധിച്ച് ഗവണ്മെന്റ് യാതൊരു തീരുമാനവും കൈക്കൊണ്ടിട്ടില്ല. സാംസ്ക്കാരിക അക്കാഡമികളുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ കഴിവുള്ളവരെ മാത്രമേ അതിന്റെ തലപ്പത്ത് നിയമിക്കുകയുള്ളൂ. സാഹിത്യ അക്കാഡമിയുടെ പുരസ്ക്കാരം തുടർന്ന് നൽകേണ്ടതില്ലെന്ന് അക്കാഡമിയുടെ എക്സിക്യൂട്ടീവ് യോഗം ചേർന്ന് തീരുമാനിച്ചത് ഗവണ്മെന്റ് അറിഞ്ഞിട്ടില്ല. അതിൽ അപാകതയുണ്ടെങ്കിൽ ഗവണ്മെന്റിന് അതു സംബന്ധിച്ച് വിവരം കിട്ടുന്ന മുറയ്ക്ക് ഏത് സാഹചര്യത്തിലാണ് അത്തരം തീരുമാനമെടുത്തതെന്ന് പരിശോധിക്കുന്നതാണ്. ബുദ്ധിമാന്ദ്യം സംഭവിച്ച വിദ്യാർത്ഥികളെ പഠിപ്പിക്കാൻ കൂടുതൽ അധ്യാപകരെ നിയമിക്കുന്നതാണ്. വിദ്യാഭ്യാസ വകുപ്പും ധനകാര്യ വകുപ്പും പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കാമെന്ന ഉറപ്പിന്റെ അടിസ്ഥാനത്തിൽ കലാമണ്ഡലത്തിലെ ജീവനക്കാർ നടത്താനിരുന്ന സമരത്തിൽ നിന്ന് അവർ പിന്മാറിയിട്ടുണ്ട്. കർണ്ണാടകത്തിലെ നഴ്സിംഗ് സ്ക്കൂളുകളിൽ പഠിക്കുന്ന കേരളത്തിലെ കുട്ടികൾ കബളിപ്പിക്കപ്പെടുന്നു എന്നുള്ളതിനാൽ കർണ്ണാടക ഗവണ്മെന്റുമായി ബന്ധപ്പെട്ട് അംഗീകാരമുള്ള നഴ്സിംഗ് സ്ഥാപനങ്ങളുടെ ലിസ്റ്റ് ശേഖരിച്ച് ഇവിടെ പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്നു. ഉന്നത വിദ്യാഭ്യാസ രംഗത്ത് അതിഥി അധ്യാപകരെ ആശ്രയിക്കുന്നത് അവസാനിപ്പിക്കാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ

സ്വീകരിക്കുന്നതാണ്. കേരളത്തിൽ സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കാൻ ഇന്നത്തെ സാമ്പത്തികസ്ഥിതിയിൽ ബുദ്ധിമുട്ടുണ്ട്. ഈ ഗവണ്മെന്റിന്റെ കാലയളവിൽത്തന്നെ ഷിഫ്റ്റ് സമ്പ്രദായം സമയബന്ധിതമായി നിർത്തലാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. ഓല മേഞ്ഞ 484 സ്ക്കൂളുകൾ ഈ സാമ്പത്തിക വർഷം തന്നെ ഓട് മേയാൻ നടപടി സ്വീകരിക്കുന്നതാണ്. തുടർ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി രണ്ട് വർഷത്തിനുള്ളിൽ കേരളത്തെ സമ്പൂർണ്ണ തുല്യതാ പ്രാധാന്യമുള്ള സംസ്ഥാനമായി മാറ്റുന്നതാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII- ാം നമ്പർ ധനാഭ്യർത്ഥന 33-നെതിരെ 67 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

## വ്യക്തിപരമായ വിശദീകരണം

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻചാണ്ടി): അനഭിമതനായ ഒരാളുമായി ഞാൻ ബോംബെയിൽ വേദി പങ്കിട്ടതായി ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കവേ ശ്രീ. വി.എൻ. വാസവൻ ഉന്നയിക്കുകയുണ്ടായി. ശ്രീ. വീരേന്ദ്ര ഠാക്കൂർ എന്ന സ്വതന്ത്ര സ്ഥാനാർത്ഥിയുടെ തെരഞ്ഞെടുപ്പ് പ്രചരണത്തിനായി പി.സി.സി. നിശ്ചയിച്ച ഒരു പരിപാടിയിൽ പങ്കെടുക്കാൻ

എ.ഐ.സി.സി.-യുടെ നിർദ്ദേശപ്രകാരമാണ് പോയത്. ആ യോഗത്തിൽ എൻ.സി.പി.-യുടെ നേതാവായ ശ്രീ. എ.സി. ഷൺമുഖദാസും ഉണ്ടായിരുന്നു. അതിൽ പങ്കെടുത്തതിൽ ഒരു രഹസ്യവും ഇല്ല എന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്.

സഭ വൈകുന്നേരം 4.23-ന് പിരിഞ്ഞു.